കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

പല്ലശ്ശന ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

# 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

**e-mail: dopkd.ksad@kerala.gov.in**

നം. കെ.എസ്.എ. പി.കെ.ഡി.18-224/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തീയതി – 02.04.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പല്ലശ്ശന ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പല്ലശ്ശന ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.18-224/2019 തിയതി: 02.04.2019

**പാലക്കാട് ജില്ലയിലെ പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

പാലക്കാട് ജില്ലയിലെ പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08.06 .2017 മുതൽ 15.1.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)**ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ **:** മേരി ഹണി ജോസഫ്,
ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം **:** 16.1.2019 മുതൽ 25.1.2019 വരെ

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പി.സുജാത | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.കെ.സി.ഹരിഗോവിന്ദ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.എ.സുജാത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എ.കെ.ജിജീഷ് | ഓഡിറ്റർ |

**(ബി)**നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.രമാധരൻ | 1.4.17 മുതൽ 1.2.18 വരെ |
| | ശ്രീമതി.കെ.ശ്യാമള | 2.2.18 മുതൽ 26.2.18 FNവരെ |
| | ശ്രീമതി.പി.ഗീത | 26.2.18AN മുതൽ 31.3.18 വരെ |
| സെക്രട്ടറി | ശ്രീ.കെ.മുരളി | 1.4.17 മുതൽ 19.1.18 FNവരെ |
| | ശ്രീ.മനോജ്കുമാർ | 19.1.18AN മുതൽ 16.2.18FN വരെ |
| | ശ്രീ.ഇ.ഷാജഹാൻ (സെക്രട്ടറി ഇൻ ചാർജ്) | 16.2.18AN മുതൽ 31.3.18 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീമതി.റീജ.എം.എസ്. | 1.4.17 മുതൽ 31.3.18വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.എം.രമേഷ് | 1.4.17 മുതൽ 31.3.18വരെ |
| വി.ഇ.ഒ. (സർക്കിൾ I) | ശ്രീ.ശിവദാസ് | 1.4.17 മുതൽ 18.8.17FN വരെ |
| | ശ്രീ.ഷിജു | 18.8.17AN മുതൽ 26.10.17FN വരെ |
| | ശ്രീ.സുജേഷ് | 26.10.17AN മുതൽ 31.3.18 വരെ |
| വി.ഇ.ഒ.(സർക്കിൾ II) | രഹിത.എൻ | 1.4.17 മുതൽ 31.3.18 വരെ |
| ഐ.സി.ഡി എസ് സൂപ്പർവൈസർ | ശ്രീമതി.സത്യഭാമ | 1.4.17 മുതൽ 31.8.17 വരെ |
| | ശ്രീമതി.നിർമ്മല | 1.9.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.നൈന | 1.4.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. ബിജി | 1.4.17 മുതൽ 31.3.18 വരെ |
| പ്രധാന അദ്ധ്യാപകൻ | ശ്രീ.എ.ഹാറൂൺ | 1.4.17 മുതൽ 31.3.18 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.ദാമോദരൻ | 1.4.17 മുതൽ 31.3.18വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ജയപ്രകാശ് | 1.4.17മുതൽ 31.3.18 വരെ |
| അസി.സെക്രട്ടറി | ശ്രീ.സി.നാരായണൻകുട്ടി | 1.4.17 മുതൽ 31.3.18 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 1 | ബജറ്റ്-നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ് | 2-1 |
| 2 | രശീതി ഉപയോഗത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ് | 2-2 |
| 3 | തൊഴിൽ നികുതി പിരിവ്-നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 2-3 |
| 4 | ഡി&ഒ ലൈസൻസ്- അപാകതകൾ പരിഹരിക്കേണ്ടതാണ് | 2-4 |
| 5 | പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് നടപ്പാക്കിയിട്ടില്ല | 2-5 |
| 6 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 2-6 |
| 7 | പെർമിറ്റ് ഫീ കണക്കാക്കുന്നതിലെ അപാകത പരിഹരിക്കേണ്ടതാണ് | 2-7 |

| | | |
|---|---|---|
| 8 | കാലഹരണപ്പെട്ട ഡെപ്പോസ്റ്റ് തുകകൾ പഞ്ചായത്തുഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് | 2-8 |
| 9 | ഭവനനിധി അക്കൗണ്ട് ആരംഭിച്ച് ധനസമാഹരണം നടത്തിയിട്ടില്ല | |
| 10 | ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ് | |
| 11 | നിഷ്ക്രിയമായി കിടക്കുന്ന അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ് | |
| | ഭാഗം 3 | |
| 1 | പൊതു ഭരണം മെച്ചപ്പെടുത്തുവാനുളള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 3-1 |
| 2 | ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ് | 3-2 |
| 3 | ബാങ്ക് അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള പ്ലാൻ ഫണ്ട് തുക തിരിച്ചടക്കേണ്ടതാണ് | 3-3 |
| 4 | വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്കായി അനുവദിച്ച തുകകൾക്കുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-4 |
| 5 | പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ വിശദവിവരങ്ങൾ. | 3-5 |
| 6 | പഞ്ചായത്തിന്റെ വാഹനത്തിനായി പരിപാലിച്ച് വരുന്ന രജിസ്റ്ററുകളും, റെക്കോഡുകളും പൂർണ്ണമല്ല. | 3-6 |
| 7 | കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 3-7 |
| 8 | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തനങ്ങളുടെ വിലയിരുത്തൽ. | 3-8 |
| 9 | ബിറ്റുമിൻ ബാരൽവില ഈടാക്കിയിട്ടില്ല | 3-9 |
| 10 | എഗ്രിമെന്റ് വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കാതെ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത് ക്രമപ്രകാരമല്ല | 3-10 |
| 11 | പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം | 3-11 |
| 12 | മാലിന്യസംസ്കരണം പദ്ധതികൾ നടപ്പിലാക്കിയില്ല | 3-12 |
| 13 | പ്രൊക്യുർമെന്റ് നടപടിക്രമങ്ങൾ പാലിക്കാതെ പർച്ചേസ് നടത്തി | 3-13 |
| 14 | സ്കൂൾ ബസ് ചെലവുകൾക്ക് ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചു. | 3-14 |
| 15 | സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം പദ്ധതിക്ക് അധിക തുക അനുവദിച്ചു | 3-15 |
| 16 | അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഹോണറേറിയം നൽകൽ വനിതാഘടക പദ്ധതിയിൽ | 3-16 |

| | | |
|---|---|---|
| | ഉൾപ്പെടുത്തി നിർവഹിച്ചു | |
| 17 | വൃദ്ധർക്ക് കട്ടിൽ വിതരണം നടപ്പിലാക്കിയതിലെ അപാകതകൾ | 3-17 |
| 18 | സബ്സിഡി മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്ത പദ്ധതി നിർവ്വഹിച്ചത് ക്രമപ്രകാരമല്ല. | 3-18 |
| 19 | അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റ് നിർവ്വഹിച്ചിട്ടില്ല. | 3-19 |
| | ഭാഗം 4 | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1 |
| 2 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്,ബാലൻസ് ഷീറ്റ്- സംക്ഷിപ്തം | 2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 24.3.17 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 25.5.2018 | --- | --- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 29.06.2018 മുതൽ 30.06.2018 വരെ | നം.കെ.എസ്.എ-പികെഡി.21/1904(40)/2018 തിയതി:29-8-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ് - ₹. 18044792.00

വരവ് - ₹. 68588691.00

ആകെ - ₹. 86633483.00

ചെലവ് - ₹. 76713107.00

നീക്കിയിരിപ്പ് - ₹. 9920376.00

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16413616 | 16413616 | 14886049 | 1527567 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 12740000 | 12740000 | 11401330 | 1338670 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 8886707 | 8886707 | 7514432 | 1372275 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3864000 | 3864000 | 3060968 | 803032 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 9590069 | 9590069 | 5106459 | 4483610 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | 0 | 1242647 | 1242647 | 1205048 | 37599 |
| സാക്ഷരത | | 1046 | 36 | 1082 | 10 | 1072 |
| ജലനിധി | | 1916929 | 2066836 | 3983765 | 2384292 | 1599473 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 21051624 | 21051624 | 21051624 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 14535 | 919048 | 933583 | 931514 | 2069 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ -ICDS ഫണ്ട് | | 3369179 | 2540009 | 5909188 | 1174273 | 4734915 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | TSC Fund | 6850 | 135256 | 142106 | 0 | 142106 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1990333** | 1990333 | 136333 | 1854000 |
| | ജില്ലാ പഞ്ചായത്ത് | 0 | 2600000 | 2600000 | 125000 | 2475000 |
| ബി ഫണ്ട് | | 0 | 44661460 | 44661460 | 44661460 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ്* | | 6310634 | 8423000 | 14733634 | 12606041 | 2127593 |
| തനത് ഫണ്ട് | പല്ലശ്ശന സർവീസ് കോ.ഓപ്പ്. ബാങ്ക് | 5123528 | 3671022 | 8794550 | 4836292 | 3958258 |
| | എസ്.ബി.ഐ., | 115305 | 204769 | 320074 | 41329 | 278745 |

| | | | | | | | |
|---|---|---|---|---|---|---|---|
| | പല്ലശ്ശന | | | | | | |

*₹.15906148/- സർക്കാർ നേരിട്ട് പിൻവലിച്ചിട്ടുണ്ട്( ട്രഷറി ടി.എസ്.ബി. -₹.11774848/- + ജോയിന്റ് വെഞ്ചർ അക്കൗണ്ട് -₹.4131300). പിൻവലിച്ച തുക ഏപ്രിൽ 2018ന് തിരികെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

**ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് തുക ₹.83333/- R& P Statement വരവ് ഹെഡ്ഡിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 147 | 62809954 | 122 | 43174286 | --- | 25 | 82.99% |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 82.99% എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 68.74% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 8884000 | 4550500 | 51.22% |
| വി.ഇ.ഒ - 1 | 3 | 1 | 1160000 | 680000 | 58.62% |
| വി.ഇ.ഒ - 1I | 4 | 1 | 2865000 | 274285 | 9.57% |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 10 | 5931333 | 3949860 | 66.59% |
| സെക്രട്ടറി | 14 | 9 | 4941050 | 3451610 | 69.86% |
| അസിസ്റ്റന്റ് എഞ്ചിനിയർ | 75 | 66 | 24174871 | 18605051 | 76.96% |
| മെഡിക്കൽ ഓഫീസർ-PHC | 9 | 8 | 1788300 | 1572230 | 87.92% |
| മെഡിക്കൽ ഓഫീസർ-ISM | 1 | 1 | 900000 | 900000 | 100.00% |
| വെറ്ററിനറി സർജ്ജൻ | 8 | 6 | 1902500 | 445500 | 23.41% |
| ഡയറി ഫാം ഇൻസ്ട്രക്ടർ43174286 | 1 | 1 | 757000 | 499998 | 66.05% |
| പ്രധാന അധ്യാപകൻ | 6 | 5 | 1081000 | 907078 | 83.91% |
| അസി.സെക്രട്ടറി | 10 | 9 | 8424900 | 7338174 | 87% |
| ആകെ | 147 | 122 | 62809954 | 43174286 | 68.74% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 14535 | 919048 | 21985207 | 931514 | 2069 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 21051624 | | 21051624 | |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 44760 | 76 |
| കർഷകതൊഴിലാളി പെൻഷൻ | 13784600 | 1221 |
| വിധവാപെൻഷൻ | 10002900 | 833 |
| വാർദ്ധക്യകാലപെൻഷൻ | 15678200 | 1238 |
| വികലാംഗപെൻഷൻ | 2538400 | 211 |
| 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള അവിവാഹിത പെൻഷൻ | 852600 | 99 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.1.2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹.2688/- നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പൊതു തെരഞ്ഞെടുപ്പ് കഴിഞ്ഞ് പഞ്ചായത്ത് ഭരണസമിതി രൂപീകരിക്കപ്പെട്ടശേഷം, ആറു മാസത്തിനുള്ളിൽ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കണം. എന്നാൽ ഓഡിറ്റ് കാലയളവു വരെ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല.

ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്ന രീതിയിൽ ജീവനക്കാരെ വിന്യസിക്കുന്നതിൽ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്.

ബജറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഓരോ വികസന മേഖലയിലേയും നേട്ടങ്ങളും കോട്ടങ്ങളും അവസ്ഥാ വിശകലനം നടത്തി വികസന മേഖലയിൽ ലക്ഷ്യമിടുന്ന നേട്ടങ്ങൾ നിർവചിച്ച് പദ്ധതി ആസൂത്രണ നിർവഹണ നടപടികളുടെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കണം എന്നും അതിൻപ്രകാരം മാത്രം പദ്ധതികൾ ആവിഷ്കരിക്കണം എന്നും നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് തയ്യാറാക്കിയിരിക്കുന്നത്. പ്രാദേശിക സാമ്പത്തിക വികസനം, വനിതാ വികസനം, കുടിവെള്ളം, ശുചിത്വം, പൊതുമരാമത്ത് എന്നീ

മേഖലകളിൽ വിവരങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല.

രസീത് വഴിയുള്ള പണം വരവ്, അതിന്റെ അടവ് എന്നിവ ചട്ടപ്രകാരം കൃത്യമായി നടക്കുന്നുണ്ട് എന്ന് ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്. സാംഖ്യ പ്രകാരമുള്ള കണക്കുകൾ പ്രതിമാസം റീകൺസൈൽ ചെയ്ത് വരവ്- ചെലവ് അനുപാതവും നീക്കിയിരുപ്പിന്റെ കൃത്യതയും ഉറപ്പുവരുത്തേണ്ടതാണ്.

വരവു ചെലവുകൾ അതാതു കാലയളവിൽ തന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടെന്നും വാർഷിക കണക്കിൽ പ്രതിഫലിക്കുന്നുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് തൃപ്തികരമാണ്. പഞ്ചായത്തിന്റെ വസ്തുനികുതിയുടെ ഡി.സി.ബി. കണക്കുകൾ സഞ്ചയയിലുള്ളതും സാംഖ്യയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ അപാകതകളാണ് ഇതിന് കാരണം.

ലഭിക്കുന്ന തപാലുകൾ മുഴുവൻ പേഴ്സണൽ രജിസ്റ്ററുകളിൽ ചേർക്കുന്നില്ല. അതിനാൽ സമയബന്ധിതമായി തപാലുകൾ തീർപ്പാകുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സാധിക്കുന്നില്ല.

പഞ്ചായത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ നികുതി നിർദേശങ്ങളോ, അതുമായി ബന്ധപ്പെട്ട ചർച്ചകളോ ഒന്നും തന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ വന്നിട്ടില്ല. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായും നികുതി-നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നില്ല.

ലഭിക്കുന്ന ടെണ്ടർ ഫോമുകൾ ഗ്രാമപഞ്ചായത്തിൽ സ്റ്റോക്കിലെടുത്ത ശേഷം ആവശ്യാനുസരണം മറ്റ് നിർവഹണ ഉദ്യോഗസ്ഥർക്ക് നൽകുകയാണ് ചെയ്യുന്നത്. എന്നാൽ ഫോമുകൾ വിതരണം ചെയ്യുമ്പോൾ നിർവഹണ ഉദ്യോസ്ഥരിൽ നിന്നും കൈപ്പറ്റ് വിവരം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ബാലൻസ് സ്റ്റോക്കിന്റെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഓഡിറ്റ് കാലയളവിൽ പ്രധാന അധ്യാപകൻ, വി.ഇ.ഒ., അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്കാണ് ടെണ്ടർ ഫോം വിതരണം ചെയ്തിട്ടുള്ളത്.

ജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനായി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തൻവർഷം ഈ ആവശ്യത്തിനായി പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 14.1.19 മുതൽ | ഡിസംബർ | റിപ്പോർട്ട് |

| | | | |
|---|---|---|---|
| ഓഡിറ്റ് | 15.1.19 വരെ | 2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9.7.2007 മുതൽ 21.7.2007 വരെ | 1997-98 മുതൽ 2006-07 വരെ | അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടുള്ള വിവരം കത്ത് നം. എ2/3102/13/1.8.2018 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ (ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ)

1) വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിൽ ബാലൻസ് തുകകളായി ഉൾപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന ഹെഡ്ഡിലുള്ള തുകകൾ യഥാർത്ഥത്തിൽ ചെലവഴിച്ചിട്ടുള്ള തുകകളാണ്.

| ബി-4 ഹെഡ് | തുക |
|---|---|
| 320300199 | 30365 |
| 320700404 | 90000 |

2) ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് തുക ₹.83333/- R& P Statement വരവ് ഹെഡ്ഡിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ്-നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. വകുപ്പ് 214 ഉപവകുപ്പ് 1(എ)(1) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ബജറ്റ് തയ്യാറാക്കി

മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്.

ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റ് മീറ്റിങ് മിനുട്സ് പ്രകാരം ഘടക സ്ഥാപനങ്ങളിൽ നിന്നുള്ള എസ്റ്റിമേറ്റ് അറിയിക്കുന്നതിനായി തീരുമാനം എടുത്തിട്ടുണ്ട്.എന്നാൽ ബന്ധപ്പെട്ട രേഖകളൊന്നും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. കേരളത്തിലെ പഞ്ചായത്തുകൾക്ക് ബജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വലിലെ (സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരം) മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.നടപടിക്രമങ്ങൾ പാലിക്കാത്തത് യഥാർത്ഥത്തിൽ ആവശ്യമായ തുക വാർഷിക ബജറ്റിൽ വകയിരുത്താതെ പോകുന്നതിന് ഇടയാക്കുമെന്നകാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ബജറ്റ് നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 രശീതി ഉപയോഗത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

എ)19.5.18 ന രശീതി ബുക്ക് നം 11768, രശീതി നം 6 പ്രകാരം 540 രൂപ ശ്രീ അച്യുതൻ,s/o നാരായണൻ തോട്ടുകുളമ്പ് എന്നയാളിൽ നിന്നും പിരിച്ച തുക കളക്ഷൻ രജിസ്റ്ററിലോ പഞ്ചായത്ത് ഫണ്ടിലോ വരവു വച്ചിരുന്നില്ല.ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 24.1.19 ന 118150104326 നം രശീതി പ്രകാരം തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കി.

ബി)ക്യാൻസൽ ചെയ്യുന്ന രശീതികളിൽ ക്യാൻസലേഷൻ രേഖപ്പെടുത്തേണ്ടതും കാരണമെഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

സി)നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രശീതി ബുക്കുകളിൽ സാമ്പത്തിക വർഷം കഴിഞ്ഞിട്ടും ഉപയോഗിക്കാത്ത രശീതികൾ ദുരുപയോഗം തടയുന്നതിനുവേണ്ടി ക്യാൻസൽ ചെയ്യേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്

## 2-3 തൊഴിൽ നികുതി പിരിവ്-നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

2017-18 വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിക്കുവാൻ ലക്ഷ്യമിടുകയും

ആവശ്യമായ പരിശോധന നടത്തുകയും ചെയ്തു. പരിശോധനയുടെ വിവരം താഴെ ചേർക്കുന്നു.

<u>എ) സ്ഥാപന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്</u>

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം 18(2) പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യതിന്റെ പുരോഗതി വിലയിരുത്തുന്നതിനും പഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും 5-ാം നമ്പർ ഫോറത്തിലുള്ള ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. ചട്ടം 18(3) പ്രകാരം 5-ാം നമ്പർ ഫോറത്തിന്റെ പകർപ്പ് ഓഫീസ് തലവനോ തൊഴിലുടമയ്ക്കോ നൽകേണ്ടതുമാണ്. നിലവിൽ സ്ഥാപനങ്ങളുടേ പേര് ഉൾപ്പെടുന്ന ഒരു ലിസ്റ്റ് ഡിമാന്റ് രജിസ്റ്ററിന്റെ ആദ്യഭാഗത്ത് ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ചട്ടം അനുസരിച്ച് രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതാണ്.

<u>ബി) കരാറുകാരിൽ നിന്നുള്ള തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പഞ്ചായത്തുമായി മരാമത്ത് പ്രവർത്തികളിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് അടവാക്കിയിട്ടില്ല. ചട്ടപ്രകാരം തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2017-18 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തുമായി മരാമത്ത് പ്രവർത്തികളിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാരുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | കോൺട്രാക്ടറുടെ പേര് | കരാർ പ്രവർത്തികളുടെ എണ്ണം |
|---|---|---|
| 1 | നാരായണൻ,വടവന്നൂർ | 1 |
| 2 | P R മുരളീധരൻ,എടത്തറ | 3 |
| 3 | കലാധരൻ,വടവന്നൂർ | 1 |
| 4 | ഹരിദാസൻ,കുമരംപുത്തൂർ,പല്ലാവൂർ | 1 |
| 5 | N സുജിത്ത്,പല്ലാവൂർ,പല്ലശ്ശന | 3 |
| 6 | K നരേന്ദ്രൻ,പല്ലാവൂർ | 7 |
| 7 | C അരുൺകുമാർ,കുടല്ലൂർ | 5 |
| 8 | C പ്രസാദ്,കുടല്ലൂർ | 7 |
| 9 | C ജയനാരായണൻ,കുടല്ലൂർ | 7 |
| 10 | V ഗണേശൻ,പല്ലശ്ശന | 13 |
| 11 | N സേതുമാധവൻ,കുമരംപുത്തൂർ | 5 |
| 12 | S സുകേഷ്,ആലത്തൂർ | 3 |

| | | |
|---|---|---|
| 13 | C സുരേഷ് കുമാർ,പാടത്ത് കളം | 2 |

<u>സി) സ്ഥാപനതൊഴിൽ നികുതി ഈടാക്കേണ്ടതാണ്</u>

ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ സ്ഥാപന തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്തതാകുന്നു. ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയിട്ടുണ്ട്. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

<u>ഡി) തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാരുള്ള എല്ലാ സ്ഥാപനങ്ങളേയും തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്</u>

പുതുതായി സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് അനുവദിക്കുമ്പോളും ലൈസൻസ് പുതുക്കുമ്പോളും അത്തരം സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാരുണ്ടെങ്കിൽ അവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതും അത്തരം സ്ഥാപനങ്ങളെ സ്ഥാപന രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്.താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള ജീവനക്കാരെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർക്കേണ്ടതും തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

| ക്രമ നം. | സ്ഥാപനം (ജീവനക്കാരുടെ എണ്ണം) | അർദ്ധ വർഷം |
|---|---|---|
| 1 | മുച്ചേത്ത് ഗ്രാനൈറ്റ്സ്(8) | 1&2 |
| 2 | ഹമാര പോളിമേഴ്സ്(5) | 1&2 |
| 3 | ശ്രീ വിനായക അഗ്രോ മിൽസ്(9) | 1&2 |
| 4 | റാബിറ്റ് മാർക്ക് മോഡേൺ റൈസ് മിൽ(10) | 1&2 |
| 5 | പല്ലാവൂർ അഗ്രോ ഹൈ ടെക് മിൽസ്(9) | 1&2 |
| 6 | ആർ.കെ.ദാസ് സിൽക്ക് കോട്ടൺ ഇൻഡസ്ട്രീസ് (8) | 1&2 |
| 7 | ഗുഡ് വിൽ പാക്കേജിങ് (8) | 1&2 |
| 8 | പഴയകാവ്,പല്ലശ്ശന | 1&2 |

<u>ഇ)തൊഴിൽനികുതി കുറവായി ഈടാക്കി</u>

താഴെ പറയുന്ന ജീവനക്കാരനിൽ നിന്നും ബാധകമായതിലും കുറവായാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്

| ക്രമ നം | സ്ഥാപനം | ജീവനക്കാരൻ (ക്രമ നം) | അർദ്ധവർഷം | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തുക | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | VIMSS പല്ലശ്ശന | ഉമേഷ്.യു | 1 | 1,20,714/- | 750/- | 1,000/- | 250/- |
| | | | | | ആകെ | | 250/- |

കുറവു വന്ന തുക ഈടാക്കേണ്ടതാണ്.

# 2-4 ഡി&ഒ ലൈസൻസ്- അപാകതകൾ പരിഹരിക്കേണ്ടതാണ്

എ)ഡി&ഒ ലൈസൻസ് ഫീ ഭേദഗതി നടപ്പാക്കിയിട്ടില്ല

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ ഡി&ഒ ലൈസൻസ് ഫീസ് ഏകീകരണവും വർദ്ധനയുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് ജി.ഒ(പി)80/17/തസ്വഭവ പ്രകാരം മാറ്റം വരുത്തിയിട്ടുണ്ട്. ഇതു പ്രകാരം പട്ടിക 2ൽ ലൈസൻസ് ഫീ നിശ്ചയിക്കുന്നതിന് ഒരു ദിവസത്തെ മൊത്തം വിറ്റു വരവിനു പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.ഇതിനായി വ്യവസായ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വ്യവസായസ്ഥാപനത്തിന്റെ തരം | ചുമത്താവുന്ന പരമാവധി തുക |
|---|---|---|
| 1 | മൈക്രോ | 500/- |
| 2 | മിനി | 1000/- |
| 3 | സ്മാൾ | 5000/- |
| 4 | മീഡിയം | 10000/- |
| 5 | ലാർജ്ജ് | 15000/- |

എന്നാൽ ടി ഭേദഗതി ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയോ ഭരണസമിതിയോ ചർച്ച ചെയ്യുകയോ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല.ഇതുമൂലം 2018-19 ൽ മുൻകൂർ ആയി ലൈസൻസ് അനുവദിക്കുന്ന സമയത്ത് പഴയ നിരക്കിലുള്ള തുകയാണ് അടവാക്കിയിട്ടുള്ളത്.മേൽ വിഷയത്തെ സംബന്ധിച്ച് ഭരണസമിതി ചർച്ച ചെയ്യേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം. 8/22.01.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

ബി)അറവുശാലകളും ഇറച്ചിക്കടകളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ്(കശാപ്പുശാലകളും ഇറച്ചിക്കടകളും )ചട്ടങ്ങൾ, 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 230 പ്രകാരം എന്നിവ പ്രകാരം വിൽപ്പനയ്ക്കായി ഇറച്ചി കച്ചവടം ചെയ്യുമ്പോൾ അത് പൊതു കശാപ്പുശാലയിൽ വച്ചോ വകുപ്പ് 230 പ്രകാരം ലൈസൻസ് എടുത്തിട്ടുള്ള കശാപ്പ് ശാലയിൽ വച്ചോ മാത്രമേ കശാപ്പ് ചെയ്യാൻ പാടുള്ളൂ. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകളൊന്നും 2017-18 സാമ്പത്തിക വർഷത്തിൽ ലൈസൻസ് എടുത്തിട്ടില്ല. ഇത്തരം സ്ഥാപനങ്ങൾക്ക് ലൈസൻസ് ലഭ്യമാക്കുന്നതിന് മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഒരുക്കേണ്ടതാണെന്നും അതിനായി സബ്സിഡി അനുവദിക്കണമെന്നുള്ള നിബന്ധന പഞ്ചായത്ത് ഭരണസമിതി ചർച്ച ചെയ്തിട്ടുണ്ട്. ടി വിഷയത്തിൽ സ്വീകരിച്ച മേൽനടപടികൾ ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.8/22.01.2019)

<u>സി) ഡി&ഒ ലൈസൻസ് ഫീ കുറവായി ഈടാക്കി</u>

| ക്രമ നം | ഡി&ഒ രജിസ്റ്ററിലെ നം | അപേക്ഷകന്റെ പേര് | സ്ഥാപനം | മോട്ടോറിന്റെ പവർ | അടവാക്കാവുന്ന തുക | അടവാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|---|
| 1 | 90 | മാനേജർ, ഫൈവ് സ്റ്റാർ മെറ്റൽസ് ലിമിറ്റഡ് | ഫൈവ് സ്റ്റാർ മെറ്റൽസ് | 443 HP | 4000/- | 3500/- | 500/- |

കുറവു വന്ന തുകയായ 500/- രൂപ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

<u>ഡി) ലൈവ് സ്റ്റോക്ക് ലൈസൻസ് ഇല്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു.</u>

കേരളാ പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് ചട്ടങ്ങൾ 2012 ,ചട്ടം 3,ഉപചട്ടം (1)ൽ പറഞ്ഞതിനേക്കാൾ കൂടുതൽ എണ്ണം മൃഗങ്ങളേയോ പക്ഷികളേയോ വളർത്തുന്ന ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുവാനോ നടത്തിക്കൊണ്ടു പോകുവാനോ ഉപചട്ടം (2) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്.ഇത്തരത്തിൽ പ്രവർത്തിക്കുന്ന ഫാമുകളെ ലൈവ്സ്റ്റോക്ക് ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരേണ്ടതാണ്.

ഉദാ:-എഗ്ഗർ നേഴ്സറി(ശേഖരൻ),മേപ്പാടം ഫാം(ലക്ഷ്മി നായർ)

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് നടപ്പാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ന് 24.9.16 ലെ 576/ഡി.സി.1/16, ത.സ്വ.ഭ.വ സർക്കുലറിലൂടെ താഴെ ചേർത്തിട്ടുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് .

1 .വിൽപന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത ക്യാരി ബാഗുകൾ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ.

2. വിൽപന സാധനങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം .

3.ഒരു മാസം കുറഞ്ഞത് 4000/- രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 48000/- രൂപ പ്ലാസ്റ്റിക്ക് മാലിന്യ പരിപാലന ഫീയായി മേൽപ്രകാരം ഈടാക്കി രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിജ്ഞാപനം , ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

4. പ്ലാസ്റ്റിക് മാലിന്യത്തിന്റെ തോത് അനുസരിച്ച് കൂടുതൽ മാലിന്യ പരിപാലന ഫീസ് വ്യാപാരികളിൽ നിന്നും ഈടാക്കാവുന്നതാണ്.

5.പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് ഫീസ് ഈടാക്കുന്നതാണ് എന്നത് വളരെ വ്യക്തമായ രീതിയിൽ കച്ചവട സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

6.പ്ലാസ്ററിക് മാലിന്യ പരിപാലന ഫീയായി ഈടാക്കുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്നതാണ്

എന്നാൽ പല്ലശ്ശന ഗ്രാമ പഞ്ചായത്തിൽ പ്ലാസ്റ്റിക്ക് ഉപയോഗം കുറയ്ക്കുന്നതിനായും , മാലിന്യ പരിപാലനം കാര്യക്ഷമമാക്കുന്നതിനും സർക്കുലറിലെ നിർദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.15/22.01.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശികയായി നില നിൽക്കുന്നു.കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിൽ

അറിയിക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം നം. 12/22.01.2019)

| ക്രമ നം | വാർഡ് നം/കെട്ടിട നം | ഉടമയുടെ പേര് | ഇൻസ്റ്റാൾ ചെയ്ത വർഷം | നിർണ്ണയിച്ച വസ്തു നികുതി | കുടിശ്ശിക തുക,വർഷം |
|---|---|---|---|---|---|
| 1 | 283 | റിലയൻസ് | 2006-07 | 4,275/- | 26,323/- |
| 2 | 184 | ബി എസ് എൻ എൽ | 2010-11 | 10,500/- | 63,000/- |
| 3 | 330 | റിലയൻസ് | 2006-07 | 5,040/- | 30,485/- |
| | | | | ആകെ | 1,19,808/- |

# 2-7 പെർമിറ്റ് ഫീ കണക്കാക്കുന്നതിലെ അപാകത പരിഹരിക്കേണ്ടതാണ്

എ)കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011-ലെ ചട്ടം 11(3) പ്രകാരമുള്ള ഷെഡ്യൂൾ II-ൽ പെർമിറ്റിനുള്ള ഫീസ് നിരക്ക് ആകെ തറ വിസ്തീർണ്ണത്തെ (Floor Area) അടിസ്ഥാനമാക്കിയാണ് നിശ്ചയിക്കേണ്ടത്. കൂടാതെ കാർഷെഡ്, ടോയ്‌ലറ്റ്, വാച്ച് & വാർഡ് കാബിൻ മുതലായവയും ഫ്ലോർ ഏരിയയോടൊപ്പം പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ചേർക്കാവുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ പല്ലശ്ശന ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം മുഴുവൻ പെർമിറ്റ് ഫീസ് നിശ്ചയിക്കുന്നതിന് അടിസ്ഥാനമാക്കിയിട്ടുള്ളത് പ്ലിന്ത് ഏരിയയാണ് (Plinth Area). മേൽ അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

# 2-8 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്തുഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം പഞ്ചായത്തിൽ താഴെ പറയുന്ന ഡെപ്പോസിറ്റ് തുകകൾ ലഭിച്ചിട്ടുണ്ട്.കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282(1) അനുസരിച്ച് 3 വർഷ കാലാവധി കഴിഞ്ഞിട്ടും തിരികെ നൽകാത്ത ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്.താഴെ കൊടുത്തിട്ടുള്ള തുകകളിൽ കാലഹരണപ്പെട്ടവ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്.

| ക്രമ നം | ശീർഷകം | ഇനം | പിരീഡ് | തുക |
|---|---|---|---|---|
| 1 | 340100101 | കോൺട്രാക്റ്റേഴ്സ് ഇ എം ഡി | 2005-06 മുതൽ | 1,18,500/- |
| 2 | 340100102 | സപ്ലൈയേഴ്സ് ഇ എം ഡി | 2005-06 മുതൽ | 50,800/- |
| 3 | 340100103 | ബിഡ്ഡേഴ്സ് ഇ എം ഡി | 2005-06 മുതൽ | 48,850/- |
| 4 | 340100202 | സപ്ലൈയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 2005-06 മുതൽ | 1,48,875 |
| 5 | 340200102 | ഓക്ഷൻ ഡെപ്പോസിറ്റ് | 2017-218 | 500/- |
| 6 | 340109901 | മറ്റു ഡെപ്പോസിറ്റുകൾ | - | 39000/- |
| 7 | 340100201 | കോൺട്രാക്റ്റേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 2014-15 മുതൽ | 750/- |

തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-9 ഭവനനിധി അക്കൗണ്ട് ആരംഭിച്ച് ധനസമാഹരണം നടത്തിയിട്ടില്ല

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി (ലൈഫ് ഭവന പദ്ധതി)യുടെ മാർഗ്ഗരേഖ ഉത്തരവ് നം.സ.ഉ (എം.എസ്)151/2017/തസ്വഭവ തീയതി 31.7.17 ൽ ലൈഫ് ഭവന പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനപരിധിയിലും ഉള്ള തൊഴിലാളികൾ, ഉദ്യോഗസ്ഥർ, കച്ചവടക്കാർ, സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെ വേതനം/വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് കഴിയണം എന്നാണ് ലൈഫ് ഭവന പദ്ധതിയുടെ മുകളിൽ പറഞ്ഞ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. അതുപോലെ സി.എസ്.ആർ ഫണ്ട്, വിവിധ തരത്തിലുള്ള മത്സരങ്ങൾ സംഘടിപ്പിക്കൽ, വിവിധ തരത്തിലുള്ള സ്പോൺസർഷിപ്പുകൾ, എം.പി/എം.എൽ.എ വികസന ഫണ്ടുകൾ, നിയമാനുസൃതമായ മറ്റ് രീതികൾ എന്നിങ്ങനെയും ഫണ്ട് ശേഖരിക്കാം. എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും സ്ഥാപനത്തിലെ ഏറ്റവും കുറഞ്ഞത് 10% ഭവനങ്ങളുടെയെങ്കിലും നിർമ്മാണത്തിനുള്ള തുക ഇത്തരത്തിൽ കണ്ടെത്താൻ ശ്രമിക്കേണ്ടതാണ്. സമൂഹത്തിലെ വിവിധ

മേഖലയിൽ പ്രവർത്തിക്കുന്നവർ, സ്ഥാപനങ്ങൾ എന്നിവർക്ക് ഈ അക്കൗണ്ടിലേക്ക് സംഭാവന നൽകാവുന്നതാണ്. വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വേണ്ട രീതിയിൽ പ്രചരണം നടത്തി പരമാവധി ജനങ്ങളിലേക്ക് ഈ പദ്ധതിയെ സംബന്ധിച്ച് വിവരം എത്തിച്ച് സംഭാവനകൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ലൈഫ് മിഷനുവേണ്ടി സംഭാവനകൾ സ്വീകരിക്കുന്നതിനായി പല്ലശ്ശന ഗ്രാമപഞ്ചായത്തിലെ ഭവനനിധി അക്കൗണ്ട് ആരംഭിക്കുവാൻ 14.2.18ലെ അടിയന്തിര/പ്രത്യേക യോഗം അജണ്ട 2 പ്രകാരം തീരുമാനിച്ചിട്ടുണ്ട് (തീരുമാനം നം.2). എന്നാൽ അക്കൗണ്ട് ആരംഭിക്കുകയോ, ധനസമാഹരണം നടത്തുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം. 11/22.01.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 2-10 ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവർക്കു അടിയന്തിര സന്ദർഭങ്ങളിൽ ധനസഹായമെത്തിക്കുന്നതിനു വേണ്ടി ഓരോ ഗ്രാമപഞ്ചായത്തിലും പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കുന്നത് നല്ലതായിരിക്കുമെന്ന് സർക്കാർ കരുതുന്നു. ധനശേഖരണാർത്ഥമുള്ള കലാകായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി ആരംഭിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. നിധിയുടെ വരവു ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിലോ സഹകരണബാങ്കിലോ ഒരു അക്കൗണ്ട് സൂക്ഷിച്ചുപോരേണ്ടതാണ്. പല്ലശ്ശന ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.11/22.01.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-11 നിഷ്ക്രിയമായി കിടക്കുന്ന അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് സാക്ഷരത ഇനത്തിൽ ലഭിക്കുന്ന തുകകൾ നിക്ഷേപിക്കുന്നതിനു വേണ്ടിയും ഗുണഭോക്തൃ വിഹിതം നിക്ഷേപിക്കുന്നതിനു വേണ്ടിയും മുൻ വർഷങ്ങളിൽ ആരംഭിക്കുകയും എന്നാൽ കാലാകാലങ്ങളായി ഇടപാടുകൾ ഇല്ലാത്തതുമായ ബാങ്ക്

അക്കൗണ്ടുകൾ ക്ലോസ് ചെയ്യാതെ അവശേഷിക്കുന്നുണ്ട്. അവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നം. | എ.എഫ്.എസ് പ്രകാരം അവശേഷിക്കുന്ന തുക |
|---|---|---|
| കനറാ ബാങ്ക്, പല്ലശ്ശന | 6010201000010 | 0/- |
| കോ.ഓ.ബാങ്ക്, പല്ലശ്ശന | 1532 | 1072/- |

അക്കൗണ്ട് അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതു ഭരണം മെച്ചപ്പെടുത്തുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ പൊതുഭരണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനു വേണ്ടി തൻവർഷത്തിൽ പ്രൊജക്റ്റ് ആവിഷ്കരിച്ച് തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തൻവർഷം ലക്ഷ്യം കൈവരിച്ചിട്ടില്ല.

ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജകറ്റ് - 138/18-പഞ്ചായത്ത് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ

അടങ്കൽ - 100000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് - ഇല്ല

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിലേക്ക് സ.ഉ(എം.എസ്)നം.18/15/ത.സ്വ.ഭ.വ തിയ്യതി 29.1.2015 പ്രകാരം പുറപ്പെടുവിച്ച പരിഷ്കരിച്ച മാർഗ്ഗരേഖയിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. പ്രവർത്തനങ്ങൾ ജനകേന്ദ്രീകൃതമാക്കുക.

2. ഓഫീസ് സംവിധാനത്തിൻെറയും വിഭവങ്ങളുടെയും കാര്യക്ഷമതയും ഫലപ്രാപ്തിയും ഗുണനിലവാരവും ഉറപ്പുവരുത്തുക.

3. സേവനങ്ങൾ സമയബന്ധിതമാണെന്ന് ഉറപ്പുവരുത്തുക.

4. ജനാഭിലാഷം വിശകലന വിധേയമാക്കി സേവനപ്രധാന സംവിധാനം തുടർച്ചയായി മെച്ചപ്പെടുത്തുക

5. ഓഫീസ് സംവിധാനവും, ഭരണ സംവിധാനവും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് തത്വങ്ങളിൽ അധിഷ്ഠിതമാക്കുകയും നിലനിർത്തുകയും ചെയ്യുക.

6. പശ്ചാത്തല സൗകര്യങ്ങളുടെയും സംവിധാനങ്ങളുടെയും നിലവാരം നിർണ്ണയിക്കുകയും നില നിർത്തുകയും ചെയ്യുക.

7. പ്രകൃതി സംരക്ഷണം, ശുചിത്വം എന്നിവ സുസ്ഥിരവും ഗുണനിലവാരമുള്ളതും ആയി മാറ്റുന്നതിലൂടെ ആരോഗ്യകരമായ അന്തരീക്ഷം സൃഷ്ടിക്കുക.

8. സ്ത്രീകൾ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ, വയോജനങ്ങൾ, സാമൂഹ്യ-സാമ്പത്തിക പിന്നാക്കാവസ്ഥയുള്ളവർ ഉൾപ്പെടെ എല്ലാ വിഭാഗങ്ങൾക്കും സമത്വം ഉറപ്പുവരുത്തുന്ന രീതിയിൽ സേവനപ്രദാന സംവിധാനം ഏർപ്പെടുത്തുക.

ഐ.എസ്.ഒ. സർട്ടിഫിക്കേഷനുവേണ്ടി ആവിഷ്ക്കരിച്ച പദ്ധതി നടപ്പിലാക്കാതിരുന്നതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/17.1.2019ന് 2018-19 വർഷം പദ്ധതിയിലുൾപ്പെടുത്തി റിക്കാർഡ് റൂം തയ്യാറാക്കുന്നതിന് സർക്കാർ സ്ഥാപനമായ റബ്കോയെ ഏൽപ്പിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിലേക്ക് സ.ഉ (എം.എസ്) നം.18/15 /ത.സ്വ.ഭ.വ തിയ്യതി 29.1.2015 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതും തുടർനടപടികൾ സ്വീകരിച്ച് ലക്ഷ്യം കൈവരിക്കേണ്ടതുമാണ്

## 3-2 ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ്

2017-18 സാമ്പത്തിക വർഷത്തെ AFS ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം. B-4 പ്രകാരം താഴെ പറയുന്ന തുകകൾ ഗ്രാമ പഞ്ചായത്തിൽ ചിലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.

| പ്രൊജക്ട് വിവരങ്ങൾ | തുക | വിഹിതം നൽകിയ സ്ഥാപനം |
|---|---|---|
| ഗായത്രിപ്പുഴ നീർത്തട പദ്ധതി 2015-16 | 22887 | ജില്ലാ പഞ്ചായത്ത് |
| പെയിൻ & പാലിയേറ്റീവ് പദ്ധതി -2015-16 | 34500 | ബ്ലോക്ക് പഞ്ചായത്ത് |

തുക ചെലവഴിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 3/17.1.2019ന് തുകകൾ തിരിച്ചടച്ച് ചലാന്റെ പകർപ്പ് ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 3-3 ബാങ്ക് അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള പ്ലാൻ ഫണ്ട് തുക തിരിച്ചടക്കേണ്ടതാണ്

പല്ലശ്ശന ഗ്രാമപഞ്ചായത്തിൽ ഒക്ടോബർ 2015 വരെ നോൺബാങ്കിംഗ് ട്രഷറിയായിരുന്ന കൊല്ലങ്കോട് സബ്ട്രഷറിയിലാണ് പ്ലാൻഫണ്ടിന്റെ ഇടപാടുകൾ നടത്തിയിരുന്നത്. നോൺബാങ്കിംഗ് ട്രഷറിയിൽ നിന്നും പണമായി ലഭിക്കുന്ന തുകകൾ നാഷണലൈസ്ഡ് ബാങ്കുകളിൽ നിക്ഷേപിച്ചതിനുശേഷം പിന്നീട് ചെക്ക് മുഖേന നൽകുകയുമാണ് ചെയ്തിരുന്നത്. G.O.(P)177/2006/Fin,12.4.2006പ്രകാരം നോൺബാങ്കിംഗ് ട്രഷറിയുമായി ബന്ധപ്പെട്ട പ്ലാൻ അക്കൗണ്ടിൽ നീക്കിയിരിപ്പായി തുകയൊന്നും അവശേഷിക്കുവാൻ പാടുള്ളതല്ല. ട്രഷറിയിൽനിന്നും പിൻവലിക്കുന്ന തുകകൾ ഏതാവശ്യത്തിനാണോ പിൻവലിച്ചത് അതേ ആവശ്യത്തിന് മാർച്ച് മാസം അവസാനിക്കുന്നതിനുമുമ്പായി ചെലവഴിക്കേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന നിർവഹണോദ്യോഗസ്ഥരുടെ പ്ലാൻഫണ്ടിനായുള്ള ബാങ്ക് അക്കൗണ്ടിൽ ഇപ്പോഴും തുക അവശേഷിക്കുന്നതായി കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | അക്കൗണ്ട് നം. | 31.3.2018 ൽ അവശേഷിക്കുന്ന തുക | നിലവിലുള്ള തുക |
|---|---|---|---|

| | | | |
|---|---|---|---|
| സെക്രട്ടറി | 4296000100063904-പഞ്ചാബ് നാഷണൽ ബാങ്ക് | 1139596 | 889846 |
| വി ഇ ഒ-I | 4296000100062969-പഞ്ചാബ് നാഷണൽ ബാങ്ക് | 17033.68 | 17316 |
| വി ഇ ഒ-II | 4296000100063393 -പഞ്ചാബ് നാഷണൽ ബാങ്ക് | 34070 | 34922 |

നീക്കിയിരിപ്പുള്ള തുക ഏതെല്ലാം പദ്ധതികൾക്ക് ലഭ്യമായതാണെന്നോ ഏത് വർഷം ലഭ്യമായതാണെന്നോ വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. മുൻവർഷങ്ങളിൽ പ്ലാൻഫണ്ടിൽനിന്നും പിൻവലിച്ചതും ചെലവഴിക്കാത്തതുമായ തുകകൾ ഏതെല്ലാം പദ്ധതികൾക്കായി പിൻവലിച്ചതാണെന്നുള്ള കൃത്യമായ വിവരം കണ്ടെത്തി തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതും ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതുമാണ്.

## **3-4** <u>വിവധ ഡെപ്പോസിറ്റ് വർക്കുകൾക്കായി അനുവദിച്ച തുകകൾക്കുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.</u>

2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ സെക്രട്ടറി താഴെ പറയുന്ന

പ്രൊജക്റ്റുകൾ പ്രകാരം വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്കായി തുകകൾ നൽകിയിട്ടുണ്ട് :

I)

പഞ്ചായത്ത് തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് മെയിൽ വലിക്കൽ (88/18)എന്ന പ്രോജക്റ്റിനായി സെക്രട്ടറി മുഖേന 26,20,000/- രൂപ അടങ്കലായി വകയിരുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.അടങ്കലിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| | |
|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് | 26,16,019/- |
| തനത് ഫണ്ട് | 3,981/- |
| ആകെ | 26,20,000/- |

പ്രൊജക്റ്റിന്റെ ചെലവിന്റെ വിശദവിവരങ്ങൾ :

| ബിൽ നം./തിയ്യതി | ചെലവ് |
|---|---|
| 23/18/19/10/2018 | 8,92,500/- |
| 56/18/28/03/2018 | 10,43,800/- |
| ആകെ | 19,36,300/- |

കെ.എസ്.ഇ.ബി. മുഖേന സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി താഴെ പറയുന്ന രീതിയിൽ തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് :

| തുക കൈപ്പറ്റിയ സ്ഥാപനം | തുക കൈപ്പറ്റി തിയ്യതി | തുക |
|---|---|---|
| കെ.എസ്.ഇ.ബി. കുനിശ്ശേരി | 19.10.2017 | 8,92,500/- |
| കെ.എസ്.ഇ.ബി. വടവന്നൂർ | 28.03.2018 | 10,43,800/- |

മേൽ പട്ടികയിലെ തുകകൾക്കുള്ള പ്രവർത്തി നടന്ന്കൊണ്ടിരിക്കുന്നു.

കെ.എസ്.ഇ.ബി. ക്ക് സാധനസാമഗ്രികളുടെ ദൗർലഭ്യം നേരിട്ടതിനാലാണ് പ്രവർത്തി പൂർത്തീകരണം വൈകുന്നതെന്ന് പ്രസ്തുത സ്ഥാപനം അറിയിച്ചതായി സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. വടവന്നൂർ കെ.എസ്.ഇ.ബി. ഇലക്ട്രറിക്ക് സെക്ഷനിലേക്ക് ഡെപ്പോസിറ്റ് വർക്കിനായി ഏർപ്പെട്ട കരാർ പ്രകാരം പ്രവൃത്തി 2018 മാർച്ച് മാസം 28 -ാം തിയതിക്ക് ആരംഭിക്കുകയും, 2018 ഡിസമ്പർ മാസം 31 -ാം തിയതിക്ക് പൂർത്തിയാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.കുനിശ്ശേരിയിലെ ഇലക്ട്രിക്ക് സെക്ഷനിലേക്ക് വർക്കിനായി നൽകിയിട്ടുള്ള തുകയ്ക്ക് പ്രസ്തുത സ്ഥാപനവുമായി യാതൊരു കരാറിലും ഏർപ്പെട്ടിട്ടില്ല. ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാനായി ആവശ്യപ്പെട്ടതിന് (24.01.2019ലെ അന്വേഷണ നം.21) പ്രവൃത്തി പൂർത്തിയാവുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

II) പി.എം.വൈ വിഹിതം നൽകുന്നതിനായി SO140/18 എന്ന പ്രൊജക്റ്റിനായി ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നും 20,000/- രൂപ അടങ്കലായി വകയിരുത്തി സെക്രട്ടറി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ :

| ബിൽ നം./തിയതി | ചെലവ് |
|---|---|
| 22/18/19.10.2017 | 20,000 |

പദ്ധതി വിഹിതം നെൻമാറ ബ്ലോക്ക് പഞ്ചായത്തിലേക്ക് അനുവദിച്ചതിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല.

III)എസ്.എസ്.എ പഞ്ചായത്ത് വിഹിതം നൽകുന്നതിനായി SOOO4/18 എന്ന പ്രൊജക്റ്റിനായി വികസന ഫണ്ടിൽ നിന്നും പൊതു വിഭാഗത്തിൽ ഉൾപ്പെടുത്തി 6,34,050/- രൂപ അടങ്കലായി വകയിരുത്തി സെക്രട്ടറി അംഗീകാരം ചെലവിന്റെ ലഭ്യമാക്കിയിട്ടുണ്ട്.വിശദാംശങ്ങൾ :

| ബിൽ നം./തീയതി | ചെലവ് |
|---|---|
| 8/17-18/24/7/17 | 6,34,050/- |

ഓഡിറ്റ് വേളയിൽ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)ഡെപ്പോസിറ്റ് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുമ്പോൾ തന്നെ പഞ്ചായത്തിലെ അധികൃതർ പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച കരാറിൽ ഏർപ്പെടേണ്ടതാണ്.

2)മേൽ സൂചിത 3 പ്രൊജക്റ്റുകൾക്കുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകിയ വിഹിതത്തിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം പദ്ധതി പൂർത്തിയാവുന്ന മുറയ്ക്ക് ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുവാനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

## 3-5 പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ വിശദവിവരങ്ങൾ.

പഞ്ചായത്തിന്റെ അധീനതയിലുള്ള തെരുവ് വിളക്കുകളുടെ വിശദവിവരങ്ങൾ അടങ്ങിയ സ്റ്റോക്ക് രജിസ്റ്റർ നിലവിൽ കാലികമാക്കി സൂക്ഷിക്കുന്നില്ല. പഞ്ചായത്തിന്റെ അധികൃതരും, കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും ചേർന്ന് പഞ്ചായത്തിന്റെ പ്രവർത്തന മേഖലയിലെ തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ 2016-17ലെ സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തിയിട്ടുണ്ട്. കൺസ്യൂമർ നം. 1167264010822 ലും(കുനിശ്ശേരി) കൺസ്യൂമർ നം.1168103009072

(വടവന്നൂർ)ന്റെ കീഴിലുള്ള തെരുവ് വിളക്കുകൾക്ക് മാത്രം നിലവിൽ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. കൺസ്യൂമർ നമ്പർ 1167264010822 ഉൾപ്പട്ടവയ്ക്ക് കെ.എസ്.ഇ.ബി നിശ്ചയിക്കുന്ന Tariff rate പ്രകാരം പഞ്ചായത്ത് അടവാക്കി വരുന്ന വൈദ്യുതി ചാർജ്ജിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു : (21.01.2019 തീയതിയിലെ അന്വേഷണ നം.14)

| ക്രമ നം. | ബൾബുകളുടെ തരം | വാട്സിന്റെ വിവരം | ബൾബുകളുടെ എണ്ണം | ടാരിഫ് റേറ്റ് | അടവാക്കുന്ന തുക |
|---|---|---|---|---|---|
| 1 | ഓർഡിനറി | 1x40 | 6 | 66x6 | 396 |
| 2 | ഫ്ലൂറസെന്റ് ട്യൂബ് | 1x40 | 2 | 66x2 | 132 |
| 3 | ഫ്ലൂറസെന്റ് ട്യൂബ് | 2x40 | 1 | 134x1 | 134 |
| 4 | സോഡിയം വേപ്പർ ലാമ്പ് | 1x250 | 2 | 447x2 | 894 |
| 5 | സി.എഫ്.എൽ | 1x18 | 38 | 26x38 | 988 |
| 6 | സി.എഫ്.എൽ | 1x36 | 256 | 53x256 | 13568 |

1.മേൽ പട്ടികയിലെ നിർദ്ദിഷ്ട ടാരിഫ് റേറ്റ് പ്രകാരം കുനിശ്ശേരി കെ.എസ്.ഇ.ബി യിൽ നിലവിൽ പഞ്ചായത്ത് ഒരു മാസത്തിൽ 16,112/- രൂപ അടവാക്കി വരുന്നുണ്ട്.

കൺസ്യൂമർ നമ്പർ 1168103009072 ഉൾപ്പട്ടവയ്ക്ക് (വടവന്നൂർ) കെ.എസ്.ഇ.ബി നിശ്ചയിക്കുന്ന Tariff rate പ്രകാരം പഞ്ചായത്ത് അടവാക്കി വരുന്ന വൈദ്യുതി ചാർജ്ജിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| ക്രമ നം. | ബൾബുകളുടെ തരം | വാട്സിന്റെ വിവരം | ബൾബുകളുടെ എണ്ണം | ടാരിഫ് റേറ്റ് | അടവാക്കുന്ന തുക |
|---|---|---|---|---|---|
| 1 | ഓർഡിനറി | 40 | 9 | 66x9 | 594 |
| 2 | ഫ്ലൂറസെന്റ് ട്യൂബ് | 80 | 9 | 134x9 | 1206 |
| 3 | സി.എഫ്.എൽ | 22 | 31 | 32x31 | 992 |
| 4 | സി.എഫ്.എൽ | 22 | 44 | 32x424 | 13568 |
| 5 | സി.എഫ്.എൽ | 44 | 4 | 64x4 | 256 |

2.ടാരിഫ് റേറ്റ് പ്രകാരം വടവന്നൂർ കെ.എസ്.ഇ.ബി യിൽ നിലവിൽ പഞ്ചായത്ത് ഒരു മാസത്തിൽ 16,616/- രൂപ അടവാക്കി വരുന്നുണ്ട്.

പഞ്ചായത്തിന്റെ പരിധിയിൽ 2017-18 സാമ്പത്തിക വർഷത്തിൽ മീറ്ററിംഗ് സംവിധാനമില്ലാത്ത തെരുവ് വിളക്കുകൾക്ക് ആകെ 3,92,736/-രൂപ അടവാക്കുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.12.03.2013-ലെ സർക്കുലർ നം.65529/ഡി.സി3/12/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്റിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.പ്രസ്തുത സഹായം കെ.എസ്.ഇ.ബി നല്കുകയും, ആയതിനുള്ള തുക കെ.എസ്.ഇ.ബി യിൽ ഒടുക്കേണ്ടതുമാണ്.

2.വൈദ്യുതി ഉപഭോഗം കൂടിയ സോഡിയം വേപ്പർ ലാമ്പുകളും, ഓർഡിനറി ബൾബുകളും മാറ്റി വൈദ്യുതി ഉപഭോഗം താരതമ്യേന കുറഞ്ഞതും ഈട് നിൽക്കുന്നതുമായ എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കേണ്ടതാണ്.

3.എൽ.ഇ.ഡി ലാമ്പുകൾ ആയുസ്സ് കൂടിയതും പരിസ്ഥിതിക്ക് ഹാനികരമല്ലാത്തതുമാണ്. ആയതിനാൽ ഇവ സ്ഥാപിക്കുന്നതിന് മുൻഗണന നല്കി വില്പനാനന്തര സേവന വ്യവസ്ഥകൾ ഉറപ്പാക്കി വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് ആവശ്യമായവ വാങ്ങാവുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാനുള്ള അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 പഞ്ചായത്തിന്റെ വാഹനത്തിനായി പരിപാലിച്ച് വരുന്ന രജിസ്റ്ററുകളും, റെക്കോഡുകളും പൂർണ്ണമല്ല.

എ)ജി.ഒ.(എം.എസ്)170/07 ത.സ്വ.ഭ.വ 30/06/2007ൽ നിർദ്ദേശിച്ച പ്രകാരം പഞ്ചായത്തിന്റെ വാഹനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി താഴെ പറയുന്ന രജിസ്റ്ററുകളും റെക്കോഡുകളും സൂക്ഷിക്കേണ്ടതാണ്.

1.ലോഗ് ബുക്ക്.

2.പെട്രോൾ/ഡീസൽ മുതലായവയ്ക്കുള്ള ഓർഡർ ബുക്ക്.

3.റിപ്പയർ രജിസ്റ്റർ.

4.ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ.

5.സ്റ്റോക്ക് രജിസ്റ്റർ.

പഞ്ചായത്തിന്റെ Bolero KL9V8777 എന്ന വാഹനത്തിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട് നിലവിൽ ലോഗ് ബുക്ക് പരിപാലിക്കപ്പെടുന്നുണ്ട്.ഡീസൽ വാങ്ങുന്നതിന്റെ വിവരങ്ങളോടൊപ്പം, വാഹന റിപ്പയർ സംബന്ധിച്ച വിവരങ്ങളും ഒരു കണ്ടിജന്റ് രജിസ്റ്ററിലാണ് രേഖപ്പെടുത്തി വരുന്നത്.വാഹനത്തിന്റെ ടയർ വാങ്ങിയ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിലുമാണ് നിലവിൽ രേഖപ്പെടുത്തി വരുന്നതെന്ന് സെക്രട്ടറി രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്.(21.01.2019 ലെ അന്വേഷണ നം.5).ലോഗ് ബുക്കിന്റെ പരിശോധനയിൽ നിന്നും വാഹനത്തിന്റെ യാത്ര സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തിയതിൽ മുന്നിരിപ്പ് നീക്കിയിരിപ്പ് കി.മീറ്ററുകൾ പൊരുത്തപ്പെടുന്നില്ലെന്ന് പരിശോധനയിൽ തെളിഞ്ഞിട്ടുണ്ട്. ഉദാഹരണത്തിനായി :

| തിയ്യതി | മുന്നിരിപ്പ് (കെ.മി.) | യാത്രയുടെ ആവശ്യം | യാത്ര ചെയ്ത വ്യക്തിയുടെ പേര് | നീക്കിയിരിപ്പ് (കെ.മി.) | യാത്ര ചെയ്ത കെ.മി |
|---|---|---|---|---|---|
| 5.04.17 | 2,55,869 | പഞ്ചായത്തിലെ വിവിധ വാർഡുകളിലേക്ക് കുടിവെള്ള വിതരണത്തിന് | പ്രസിഡന്റ് | 2,55,958 | 38 |
| 5.04.17 | 2,55,869 | കുനിശ്ശേരിയിലെ K.S.E.B സ്ട്രീറ്റ് ലൈൻ നേരിട്ട് സന്ദർശിക്കുന്നതിന് | പ്രസിഡന്റ് | 2,55,920 | 51 |

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)ഭാവിയിൽ പഞ്ചായത്തിന്റെ വാഹനവുമായി ബന്ധപ്പെട്ട് മേൽ ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ക്രമ നം.2 മുതൽ 5 വരെയുള്ള രജിസ്റ്ററുകൾ പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2)രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമായി അപാകങ്ങളില്ലെന്ന് ഉറപ്പ് വരുത്തി കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 3-7 കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

നിർവഹണോദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

| പ്രൊജക്ട് നം. | ബിൽ നം. | തുക |
|---|---|---|
| 73/18(എസ് സി പി) | 1/15.11.17 | 25000 |
| 72/18(ജനറൽ) | 2/15.11.17 | 187500 |

2017-18 വർഷത്തിൽ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി മേൽപ്പറഞ്ഞ പ്രകാരം തുക പിൻവലിച്ച് അസിസ്റ്റന്റ് ഡയറക്ടർ ഓഫ് കാഫ് ഫീഡിന് (അക്കൗണ്ട് നം.71402140000008) നൽകിയിട്ടുണ്ട്. ജനറൽ വിഭാഗത്തിൽപ്പെട്ട 35 ഗുണഭോക്താക്കളുടെയും എസ്.സി വിഭാഗത്തിൽപ്പെട്ട 4 ഗുണഭോക്താക്കളുടെയും കന്നുകുട്ടികൾക്ക് ആവശ്യമായ തുകയാണ് നൽകിയിട്ടുള്ളത്. പദ്ധതി പൂർത്തീകരിച്ചതിനുശേഷം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-8 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തനങ്ങളുടെ വിലയിരുത്തൽ.

2017-18 സാമ്പത്തിക വർഷത്തിൽ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ആകെ രജിസ്റ്റർ ചെയ്ത 4092 തൊഴിൽ കാർഡുകളിലായി 4069 തൊഴിലാളികളാണ് പ്രവൃത്തി നിർവ്വഹിച്ച് വരുന്നത്. 2017-18ൽ 787പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കുകയും അടങ്കലായി 9,48,34,000 വകയിരുത്തിയിട്ടുണ്ട്. 379 പദ്ധതികൾ നിർവ്വഹിക്കുകയും, ആയതിൽ 202 പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇവയിൽ 12 പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ ആവശ്യപ്പെടുകയും, ആയതിൽ 20,0330/- രൂപ മെറ്റീരിയൽസിനുള്ള ചെലവുമായി ഉൾപ്പെട്ടിട്ടുമുണ്ട്. 17 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്. തൻവർഷം 2,637 കുടുംബങ്ങൾ തൊഴിൽ ആവശ്യപ്പെടുകയും 2500 കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. 171 പേർ തൊഴിൽ ആവശ്യപ്പെട്ടിട്ടും നൽകുവാൻ സാധ്യമായില്ലെങ്കിലും ഇവർ തൊഴിൽ രഹിത

വേതനം ആവശ്യപ്പെട്ടിട്ടില്ല. ഏപ്രിൽ, സെപ്റ്റംബർ, ഓക്ടോബർ, മാർച്ച് എന്നീ മാസങ്ങളിലായി സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്. പരാതി രജിസ്റ്റർ പരിപാലിക്കപ്പെടുന്നുണ്ട്. നടപ്പിലാക്കിയ പ്രവൃത്തികളുടേയും ചെലവഴിച്ച തുകകളുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

| പ്രവൃത്തികളുടെ പേര് | നടപ്പിലാക്കിയത് | ചെലവഴിച്ച തുക |
|---|---|---|
| മണ്ണ് - ജല സംരക്ഷണം | 45 | 94,80,000 |
| വരൾച്ച തടയൽ, വനവത്കരണം | 12 | 33,000 |
| ചെറുകിട ജലസേചനം | 10 | 28,00,000 |
| പട്ടിക ജാതി - പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികാസം | 88 | 52,50,588 |
| പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 21 | 29,16,000 |
| ഭൂവികസനം | 21 | 3,71,706 |
| വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവൃത്തനങ്ങൾ | - | - |
| മറ്റ് ചെലവുകൾ | 12 (മെറ്റീരിയൽ) | 2,00,330 |
| ആകെ | | 2,10,51,624 |

## 3-9 ബിറ്റുമിൻ ബാരൽവില ഈടാക്കിയിട്ടില്ല

2017-18 ൽ പൂർത്തീകരിച്ചിട്ടുള്ള (സ്പിൽ ഓവർ & പുതിയവ) റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (with packed bitumin rates) താഴെ പറയുന്ന റോഡ് മെയിന്റനൻസ് പ്രവൃത്തികളിൽ ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി/ | ബിൽ നം.-, തുക, അളവുപുസ്തകം | ആവശ്യമായ ബിറ്റുമിൻ(kg) | ബാരലിന്റെ എണ്ണം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | കരാറുകാരൻ -ശ്രീ വി.ഗണേശൻ | | | |
| 1 | 51/18-<br>കളരിക്കൽ<br>പുത്തൻകാവ്<br>റോഡ് | 7/24.6.17<br>-279972/-,<br>44/16-17 | SS1-480.02 –<br>VG-30–<br>1377.93<br>RS1-155.30 | 2.64<br>8.83<br>0.85 |
| | 103/18-<br>കാഞ്ഞരക്കോട്-<br>പൂളയ്ക്കപ്പൊറ്റ<br>റോഡ് | 26/27.1.17-<br>201707<br>26/16-17 | SS1-605.12<br>RS1- 195.77<br>VG- 30-<br>1737.05 | 3.32<br>1.07<br>11.13 |
| | 131/18-വടശ്ശേരി<br>റോഡ് | 1/30.5.17<br>31/16-17(I,II) | RS1- 94.76<br>VG30-<br>5520.72 | 0.52<br>35.38 |
| ആകെ | | | | 64 |
| | കരാറുകാരൻ - ശ്രീ.സി.ജയനാരായണൻ | | | |
| 2 | 111/18-<br>കക്കാട്ടുകുന്ന്<br>പൊട്ടക്കുളം<br>റോഡ് | 6/24.6.17-<br>36286/-<br>38/16-17 | VG-30–291.51<br>RS1-66.528 | 1.86<br>0.36 |
| | 41/18-<br>കിഴക്കേത്തറ<br>റോഡ് | 47/7.3.18-<br>113796/-<br>26(A)/17-18 | SS1- 173.63<br>RS1- 45.93<br>VG30- 498.46 | 0.95<br>0.25<br>3.19 |
| ആകെ | | | | 7 |
| | കരാറുകാരൻ - ശ്രീ.എൻ.സേതുമാധവൻ | | | |
| 3 | 102/18-<br>മാടംമ്പാറ<br>ആലിൻചുവട്<br>മുതൽ ഇളയ<br>ഭഗവതി റോഡ് | 4/24.6.17-<br>400000/-,<br>20/16(സ്പിൽ<br>ഓവർ &<br>പുതിയവ)-<br>17(I,II) | VG30–<br>1785.56<br>RS1-201.24 | 11.45<br>1.10 |
| | 106/18-<br>കുമരംപുത്തൂർ | 3/24.6.17-<br>204616/- | RS1- 79.68<br>SS1- 21.09 | 0.44<br>0.11 |

| | | | | |
|---|---|---|---|---|
| | പടിഞ്ഞാമുറി റോഡ് | 49/16-17 | VG 30- 228.74 | 1.46 |
| | 105/18- മലയംകുഴി സ്കൂൾ റോഡ് | 2/24.6.17<br>19/16-17 | SS1-652.09<br>VG 30- 3405.92 | 3.59<br>21.83 |
| ആകെ | | | | 40 |
| | കരാറുകാരൻ - ശ്രീ.സി.പ്രസാദ് | | | |
| | 29/18-വിരിപ്പോട് റോഡ് | 48/7.3.18 -175000/-<br>20/17-18 | RS1- 268.21<br>SS1-70.99<br>VG 30- 769.93 | 1.47<br>0.39<br>4.93 |
| ആകെ | | | | 7 |

ബാരലിന്റെ വില @ 250/-

- ശ്രീ വി.ഗണേശൻ - 250 x 64= ₹.16000
- ശ്രീ.സി.ജയനാരായണൻ -250 x 7= ₹.1750
- ശ്രീ.എൻ.സേതുമാധവൻ - 250 x 40= ₹.10000
- ശ്രീ.സി.പ്രസാദ് - 250 x 7 = ₹.1750

ആകെ ഈടാക്കേണ്ടത് =₹.29500/-

₹.29500/- കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കേണ്ടതാണ്. ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.20/24.1.2019ന് നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരനിൽ നിന്നും തുക ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

## 3-10 എഗ്രിമെന്റ് വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കാതെ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു

## നൽകിയത് ക്രമപ്രകാരമല്ല

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി മുൻ വർഷങ്ങളിൽ വിഭാവനം ചെയ്തശേഷം സ്പിൽ ഓവറായി 2017-18 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികൾ നിർവഹിക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ കൂടുതൽ സമയം ആവശ്യപ്പെട്ടുകൊണ്ട് കരാറുകാർ എഗ്രിമെന്റ് കാലാവധിയ്ക്കുള്ളിൽ അപേക്ഷ നൽകിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ നിർവഹണോദ്യോഗസ്ഥനായ അസി.എഞ്ചിനിയർ കരാർ ദുർബലപ്പെടുത്തുകയോ പിഴ ചുമത്തിക്കൊണ്ട് സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുകയോ ചെയ്തിട്ടില്ല. നിയമാനുസൃത പിഴ ഈടാക്കാതെ പ്രവൃത്തി പൂർത്തീകരണസമയം ദീർഘിപ്പിച്ചത് എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. 30.6.17ലെ ഭരണ സമിതി തീരുമാനത്തിലാണ് [നം. 12(1)] പദ്ധതികളുടെ പൂർത്തീകരണ കാലാവധി 30.6.17 വരെ ദീർഘിപ്പിക്കാൻ സമർപ്പിച്ചിട്ടുള്ളത്. കരാറുകാരനിൽനിന്നും എഗ്രിമെന്റ് വ്യവസ്ഥകളിലെ നിബന്ധന 7 പ്രകാരം ഗ്രേസ്സ്പിരീഡ് (20% സമയം) കഴിഞ്ഞ് ആദ്യത്തെ മൂന്നു മാസത്തിന് പിഎസിയുടെ 1%, അടുത്ത ഓരോ മൂന്നു മാസത്തിനും 2% എന്ന നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്.

കേരള പൊതുമരാമത്തു മാന്വൽ (2012) പ്രകാരം കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവു മൂലം ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. മേൽക്കാരണങ്ങളാൽ ഈ പ്രവൃത്തിയുടെ കരാറുകാരനിൽ നിന്നും താഴെ സൂചിപ്പിക്കും വിധം പിഴ ഈടാക്കേണ്ടതാണ്.

കാഞ്ഞരക്കോട് പൂളയ്ക്കപ്പൊറ്റ റോഡ്

പ്രൊജക്റ്റ്നം. - S0089/17, 103/18

പി.എ.സി.- ₹.377569.86 /-

ചെലവ്- ബിൽ നം -30/29.3.18 തുക – ₹.201707/- (₹.178293/- 16-17ൽ നൽകി)

കരാറുകാരൻ- ശ്രീ. വി.ഗണേശൻ

എഗ്രിമെൻറ് നം- 26/27.1.17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 31.3.17 (2 മാസം)

പൂർത്തീകരിച്ച തീയതി- 29.5.17 (അപേക്ഷ ഇല്ല, എ.ഇ സമയം അനുവദിച്ചിട്ടില്ല, സപ്ലി.എഗ്രിമെന്റ് ഇല്ല. )

ഈടാക്കേണ്ട പിഴ

1.4.17 മുതൽ 12.4.17 വരെ (ഗ്രേസ് പിരിയഡ് )= 0 .00

13.4.17 മുതൽ 28.5.17വരെ: @1% = 3776/-

ഈടാക്കേണ്ട ആകെ പിഴ : 3776/-

ഈടാക്കിയത് - ഇല്ല

ബാക്കി ഈടാക്കേണ്ടത് - 3776/-

## 3-11 പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്/ വകയിരുത്തിയത് | നടപ്പാക്കിയത് / ചെലവഴിച്ചത് | നടപ്പാക്കിയതിന്റെ ശതമാനം |
|---|---|---|
| 75 | 66 | 88% |
| 24174871 | 18605051 | 76.96% |

അംഗീകാരം കിട്ടിയ പ്രൊജക്ടുകളിൽ 88% പ്രൊജക്ടുകൾക്ക് മാത്രമാണ് തൻവർഷം തുക ചെലവഴിക്കാനായത്. വകയിരുത്തിയ തുകയുടെ 76.96% തുകയെ ചെലവഴിക്കാനും സാധിച്ചിട്ടുള്ളൂ. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം - സാധാരണ | 4795117 | 4077000 | 85.02% |

| | | | |
|---|---|---|---|
| വിഹിതം) | | | |
| വികസന ഫണ്ട് (എസ്.സി.പി) | 3325500 | 3052989 | 91.81% |
| വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) | 2886699 | 714681 | 24.76% |
| വികസന ഫണ്ട് (ലോക ബാങ്ക് സഹായം) | 1242647 | 1205048 | 96.97% |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 422201 | 0 | 0% |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 8886707 | 7514432 | 84.56% |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 2616000 | 2040901 | 78.02% |
| ആകെ | 24174871 | 18605051 | 76.96% |

- നടപ്പിലാക്കിയ 66 പ്രവൃത്തികളിൽ 50 പ്രവൃത്തികളും റോഡ് വികസനത്തിനായുള്ളതാണ്. ഗ്രാമപഞ്ചായത്തിൽ റോഡ് കണക്റ്റിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടുണ്ടെങ്കിലും കണക്റ്റിവിറ്റിയുടെ അടിസ്ഥാനത്തിലല്ല 2017-18 വർഷത്തിൽ റോഡ് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. കൃത്യമായ കണക്റ്റിവിറ്റി ഇല്ലാതെ റോഡ് പ്രവർത്തി നടപ്പിലാക്കുന്നത് ഫണ്ട് വാർഡ് തലത്തിൽ വിഭജിക്കുന്നതിനും പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിനും ഇടയാക്കുന്നു.

തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

66 പ്രൊജക്ടുകൾ നടപ്പിലാക്കിയതിൽ 7 (9%) പ്രൊജക്ടുകൾ മാത്രമാണ് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസിനായി നടപ്പിലാക്കിയിട്ടുള്ളത്.

പദ്ധതികളുടെ ബാഹുല്യവും കുറഞ്ഞ അടങ്കൽ തുകയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതും വഴി ഘടക സ്ഥാപനങ്ങളുടെ സംരക്ഷണത്തിനുള്ള പ്രൊജക്ടുകൾ നടപ്പിലാക്കാൻ സാധിക്കാതെ വരുന്നു.

- ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സോഫ്റ്റ്‌വെയർ വെബ് അധിഷ്ഠിതമല്ലാത്തതിനാലാണ് കാലികമാക്കാൻ സാധിക്കാതിരുന്നത് എന്ന് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ പൊതുവായി കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

- മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ഒന്നും ടെണ്ടർ ഉറപ്പിച്ചതിനുശേഷം കരാറുകാർക്ക് അയക്കുന്ന സെലക്ഷൻ നോട്ടീസ് സൂക്ഷിച്ചിട്ടില്ല.
- ടെണ്ടർ രജിസ്റ്ററിൽ ടെണ്ടറുകൾ ഭരണ സമിതി അംഗീകരിച്ച തിയതി, തീരുമാനം നമ്പർ തുടങ്ങിയ വിവരങ്ങൾ ചേർക്കുന്നില്ല.
- പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.
- കരാറുകാരൻ EMD,സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങൾക്കായി അസി.എഞ്ചിനീയർക്ക് പ്ലെഡ്ജ് ചെയ്ത് സമർപ്പിക്കുന്ന FD Receipts വർക്ക് ഫയലുകളിൽത്തന്നെ സൂക്ഷിച്ചിരിക്കുന്നു.ഇവയുടെ വിവരങ്ങൾ സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് സേഫ് കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതാണ്.
- 2017-18 വർഷം 300 ടെന്റർ ഫോമുകൾ ഗ്രാമ പഞ്ചായത്തിൽ ലഭിച്ചതിൽ 110 ഫോമുകൾ അസിസ്റ്റന്റ് എഞ്ചിനീയർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇവ അസിസ്റ്റന്റ് എഞ്ചിനീയർ സ്റ്റോക്കിലെടുക്കുന്നില്ല. ടെന്റർ ഫോം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-12 മാലിന്യസംസ്കരണം പദ്ധതികൾ നടപ്പിലാക്കിയില്ല

പഞ്ചായത്ത് പരിധിയിലുള്ള ജൈവ-അജൈവ മാലിന്യങ്ങളുടെ അളവ്, ഉറവിടങ്ങൾ നിർമാർജ്ജന സാധ്യതകൾ എന്നിവ സംബന്ധിച്ച പഠനം നടത്തി മാലിന്യസംസ്കരണം, നിർമാർജ്ജനം പദ്ധതി പ്രവർത്തനങ്ങൾ ഒന്നും തന്നെ തൻ വർഷം നടപ്പിലാക്കിയിട്ടില്ല. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166 പ്രകാരം മാലിന്യ സംസ്കരണം സ്ഥാപനത്തിന്റെ അനിവാര്യ ചുമതലയിൽ ഒന്നാണ്.

(1) അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻ വർഷം മാലിന്യ സംസ്കരണ പ്ലാന്റ് എന്ന പ്രോജക്റ്റ് (നം.158) പ്രകാരം ₹.1300000/-രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും പദ്ധതി പൊതു ജനങ്ങളുടെ എതിർപ്പിനെ തുടർന്ന് ഉപേക്ഷിക്കപ്പെട്ടു. 2018-19 സാമ്പത്തിക വർഷം ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാവാത്ത രീതിയിൽ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുണ്ടെന്ന് എക്സിറ്റ് മീറ്റിംഗിൽ പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്.

(2) വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷത്തിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ എന്ന പദ്ധതി സ്പിൽ ഓവറായി ആവിഷ്കരിച്ചിട്ടുണ്ട്.

പ്രോജക്റ്റ് നം.101/18 പ്രകാരം 2000000/-രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല. വകയിരുത്തിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ധനകാര്യ കമ്മീഷൻഗ്രാന്റ്-500000

കേന്ദ്രാവിഷ്കൃതം-1000000

മറ്റുള്ളവ-500000

ഈ പദ്ധതിക്കായി 23 ഗുണഭോക്തക്കളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ആകെ -അപേക്ഷകൾ ലഭ്യമായതിൽ 10 ഗുണഭോക്താക്കളിൽനിന്നും 2016-17 വർഷത്തിൽ 2625 രൂപ പ്രകാരം ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തിട്ടുണ്ട്. പിരിച്ചെടുത്ത ഗുണഭേക്തൃവിഹിതം ചെക്ക് നം.447/8.6.18 പ്രകാരം 12.6.2018 തീയതിയിൽ ഗുണഭോക്താക്കൾക്ക് തിരികെ

നൽകിയിരിക്കുന്നു. ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീതി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി വകയിരുത്തിയ കേന്ദ്രവിഹിതം ലഭ്യമാക്കിയിട്ടില്ല. 10 പേരിൽനിന്നും ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തിട്ടും പദ്ധതി നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/21.1.2019) 2017-18 വർഷമായപ്പോഴേക്കും ബയോഗ്യാസ് പ്ലാന്റിന്റെ യൂണിറ്റ് കോസ്റ്റിൽ വർദ്ധനവുണ്ടായെന്നും ആയതിനനുസരിച്ച് വിഹിതം അടവാക്കുവാൻ ഗുണഭോക്താക്കൾ വിസമ്മതം അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി ഉപേക്ഷിച്ചതെന്ന് നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തിയതിനുശേഷം മാത്രം പദ്ധതി ആവിഷ്കരിക്കുവാനും ആവിഷ്കരിക്കുന്ന പദ്ധതികൾ അതാതുവർഷം തന്നെ നടപ്പിലാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

വർക്കിങ്ങ് ഗ്രൂപ്പ് മിനിറ്റ്സിൽ ഈ വിഷയം ചർച്ച ചെയ്തതിന്റെ രേഖപ്പെടുത്തൽ ഒന്നും തന്നെയില്ല. പദ്ധതി അതിന്റെ ലക്ഷ്യം കൈവരിക്കുന്നതിന് സ്റ്റാന്റിങ്ങ് കമ്മറ്റിയുടെയും വർക്കിങ്ങ് ഗ്രൂപ്പിന്റെയും ഫലപ്രദമായ ഇടപെടൽ അനിവാര്യമാണ്

പ്രോജക്ട് ആസൂത്രണം ചെയ്ത് സമയ ബന്ധിതമായി നടപ്പിലാക്കാൻ ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥൻ, ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, മാലിന്യ സംസ്കരണ പ്രോജക്ടുകളുടെ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട ശുചിത്വം, മാലിന്യ സംസ്കരണം വർക്കിംഗ് ഗ്രൂപ്പ് തങ്ങളുടെ ഉത്തരവാദിത്വം ശരിയായരീതിയിൽ നിർവഹിച്ച് പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതും പ്രോജക്ടുകൾ ഉദ്ദേശലക്ഷ്യം കൈവരിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

മാലിന്യ സംസ്കരണ പ്രൊജക്ടുകൾ 'ഹരിത കേരളം' മിഷന്റെ ഭാഗമായിട്ടുള്ള ശുചിത്വ പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കുന്ന രീതിയിൽ ആവിഷ്കരിക്കേണ്ടതും ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുകയും അജൈവ മാലിന്യം ശേഖരിച്ച് പുന:ചംക്രമണവിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യേണ്ടതാണ്.

## 3-13 <u>പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിക്കാതെ പർച്ചേസ്</u>

## നടത്തി

പ്രൊജക്റ്റ്-സർക്കാർ സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ

ഹെഡ് മാസ്റ്റർ(ജി എൽ പി എസ്, പല്ലാവൂർ)

ധനകാര്യകമ്മീഷൻ ഗ്രാന്റിൽനിന്നും 200000/- രൂപ വകയിരുത്തിയാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ട്രഷറി ബിൽനം. 10/23.3.2018 പ്രകാരം 200000/- രൂപ വിനിയോഗിച്ചിട്ടുണ്ട്. ഈ പദ്ധതി നിർവഹിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

ടെണ്ടർ നടത്തുന്നതിനായി 13.12.2017 തീയതിയിൽ പത്രപ്പരസ്യം നൽകിയതുപ്രകാരം രണ്ടു ടെണ്ടർ ലഭ്യമായിട്ടുണ്ട്. ടെണ്ടർ സ്വീകരിക്കുമ്പോൾ ആയത് സീൽ ചെയ്ത് വേണം സ്വീകരിക്കേണ്ടത്. ടെണ്ടർ തുറന്നതിനുശേഷം സീൽചെയ്ത കവറുകൾ ടെണ്ടറിനോടൊപ്പം ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഫയലിൽ രണ്ട് വ്യക്തികൾ സമർപ്പിച്ച ടെണ്ടർ ഫോമുകൾ മാത്രമാണുള്ളത്. ആയതിൽ ടെണ്ടർ സമർപ്പിച്ച തീയതി, ടെണ്ടർ തുറന്ന തീയതി എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ ചർച്ചചെയ്ത് പ്രൊക്യൂർമെന്റ് കമ്മറ്റി യുടെ അംഗീകാരത്തിനുവിധേയമായാണ് സാധനങ്ങളും സേവനങ്ങളും സമാഹരിക്കേണ്ടതെന്ന് ജി.ഒ(പി)259/2010തസ്വഭവ, 8.11.2010 ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 15.9.17 തീയതിയിലെ പ്രൊക്യൂർമെന്റ് കമ്മറ്റി മിനുട്സിലെ 4 ാം നം. തീരുമാനം പ്രകാരം ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായിട്ടുള്ള പദ്ധതികളുമായി ബന്ധപ്പെട്ട വാങ്ങലുകൾക്ക് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് നിർവഹണോദ്യോഗസ്ഥനായ ഹെഡ്മാസ്റ്ററെ ചുമതലപ്പെടുത്തി തീരുമാനിച്ചു എന്നുമാത്രമാണ് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ ഈ പദ്ധതിയുടെ ടെണ്ടറുകൾ ചർച്ചക്ക് വന്നിട്ടില്ല. സമർപ്പിച്ച ടെണ്ടറുകളുടെ താരതമ്യപട്ടിക തയ്യാറാക്കി ഭരണസമിതിയുടെ മുമ്പാകെ സമർപ്പിക്കുകയോ ടെണ്ടറിന് ഭരണസമിതിയുടെ അംഗീകാരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഭരണസമിതിയുടെ അംഗീകാരം ലഭ്യമാക്കാതെ പർച്ചേസ് നടത്തിയത് ഗുരുതരവീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഫർണിച്ചറുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ലഭ്യമായതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് മറ്റു സ്കൂളിന് നൽകിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

പദ്ധതി നിർവഹിച്ചതിലെ അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നൽകിയതിന് രേഖകൾ ഹാജരാക്കുന്നതാണെന്നും സ്റ്റോക്ക് രജിസ്റ്ററിൽ മറ്റു സ്കൂളിനു നൽകിയ ഫർണിച്ചറുകളുടെ വിവരം രേഖപ്പെടുത്തി ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിച്ചുമാത്രം വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. നിർവഹണ ഘട്ടത്തിൽ മോണിട്ടറിംഗ് സമിതിയുടെ ഇടപെടലുകൾ ആവശ്യപ്പെടുന്നു.

## 3-14 സ്കൂൾ ബസ് ചെലവുകൾക്ക് ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചു.

നിർവ്വഹണം- ഹെഡ് മാസ്റ്റർ (ജി എൽ പി എസ്, പല്ലാവൂർ)

പ്രൊജക്ട് നം. 120/18 പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 60000 രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പല്ലാവൂർ സ്കൂളിലുള്ള സ്കൂൾ ബസിന്റെ പ്രവർത്തനങ്ങൾക്കാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ട്രഷറി ബിൽ നം. 5/11.1.2018 പ്രകാരം 43360 രൂപ സ്കൂൾ ബസിന്റെ ഇൻഷൂറൻസിനും ട്രഷറി ബിൽ നം. 8/28.2.2018 പ്രകാരം 4860 രൂപ മോട്ടോർവെഹിക്കിൾ ഡിപ്പാർട്ട്മെന്റിൽ ടാക്സ് ഒടുക്കുന്നതിനും ധനകാര്യകമ്മീഷൻ ഗ്രാന്റിൽനിന്നും ചെലവഴിച്ചിട്ടുണ്ട്. ധനകാര്യകമ്മീഷൻ ഗ്രാന്റ് അടിസ്ഥാന സേവന ഉപപദ്ധതികൾ നടപ്പിലാക്കുന്നതിനാണ് വിനിയോഗിക്കേണ്ടതെന്ന് പതിമൂന്നാം പദ്ധതി മാർഗരേഖയിലെ (ജി.ഒ.(എം.എസ്) 72/2017/തസ്വഭവ തീയതി-29.3.2017) ഖണ്ഡിക 13.8 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

ധനകാര്യകമ്മീഷൻ ഗ്രാന്റ് സ്കൂൾ ബസിന്റെ ആവർത്തന ചെലവുകൾക്ക് വിനിയോഗിച്ചത് മാർഗരേഖയുടെ ലംഘനമാണ്. ഓഡിറ്റ് എൻക്വയറി നം.16/22.1.2019 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് ഭരണസമിതിയുടെ തീരുമാനപ്രകാരമാണ് പദ്ധതി നടപ്പിലാക്കിയതെന്ന മറുപടിയാണ് നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയത്. പദ്ധതി തയ്യാറാക്കുമ്പോൾ ഫണ്ട് വകയിരുത്തുന്നതിൽ സൂക്ഷ്മത പുലർത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-15 സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം പദ്ധതിക്ക് അധിക തുക അനുവദിച്ചു

പദ്ധതി നം.(71/18)

നിർവ്വഹണം- ഹെഡ് മാസ്റ്റർ

കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് 504000 രൂപയും, പദ്ധതി ഫണ്ട് 197000 രൂപയും ഉൾപ്പെടെ ആകെ 701000 വകയിരുത്തി സർക്കാർ സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം എന്ന പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ജി.എൽ.പി.എസ് പല്ലാവൂർ, ജി.എൽ.പി.എസ് കുമാരംപുത്തൂർ എന്നീ സ്കൂളുകളിലെ കുട്ടികൾക്ക് സ്കൂൾ പ്രവൃത്തി ദിവസങ്ങളിൽ പ്രഭാത ഭക്ഷണം നൽകുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം ആകെ 578858 രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

1/31.10.17, തുക-68880

ബിൽ നം.4/27.12.17, തുക-132020

ബിൽ നം.6/11.1.18, തുക-137760

ബിൽ നം.7/28.2.18, തുക-125832

ബിൽ നം.9/23.3.18, തുക-114366

സാധാരണ ടെണ്ടർ ക്ഷണിച്ച് ഒരു കുട്ടിക്ക് 14 രൂപ നിരക്കിൽ പ്രാഭാത ഭക്ഷണവിതരണം നടത്തുന്നതിന് നാരായണസ്വാമി, പല്ലാവൂർ എന്നയാളിനെ തെരഞ്ഞെടുത്തിരിക്കുന്നു. മേൽപ്പറഞ്ഞ തുകകളെല്ലാം ടിയാന്റെ 014503242748190001 എന്ന ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

എ) ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിന് അടിസ്ഥാന സേവനഉപപദ്ധതി തയ്യാറാക്കേണ്ടതാണെന്നും ആയതിൽ കുടിവെള്ളം, ശുചിത്വം, മാലിന്യനിർമാർജനം , നടപ്പാതകളുടെ നിർമാണം, തെരുവ് വിളക്ക് സ്ഥാപിക്കൽ, ഖരമാലിന്യസംസ്കരണം എന്നിങ്ങനെയുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കണമെന്നും പതിമൂന്നാം പദ്ധതി

മാർഗരേഖയിലെ (ജി.ഒ.(എം.എസ്) 72/2017/ തസ്വഭവ തീയതി-29.3.2017) ഖണ്ഡിക 13.8 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തി പ്രഭാത ഭക്ഷണപരിപാടി നടപ്പിലാക്കിയത് പദ്ധതി മാർഗരേഖക്ക് വിരുദ്ധമായിട്ടാണ്. മാർഗരേഖക്കു വിരുദ്ധമായി ചെലവുകൾ നടത്തുന്നതിനു മുമ്പായി സർക്കാരിൽ നിന്നും മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതായിരുന്നു.

ബി) പദ്ധതിയുടെ അടങ്കൽ 701000 രൂപയാണ്. സർക്കാർ ഉത്തരവ്(ആർ.ടി) നം 1288/2015/LSGD dt.30.04.15, GO(P) 524/2015/ Fin. dtd 17.11.15 എന്നിവ പ്രകാരം എസ്റ്റിമേറ്റ് തുക 5 ലക്ഷവും അതിന് മുകളിലുള്ള എല്ലാ പ്രവർത്തികളും ഇ-ടെണ്ടർ മുഖാന്തിരം മാത്രമേ നിർവ്വഹിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതിയുടെ അടങ്കൽ 701000 രൂപയാണെന്നിരിക്കെ ഇ-ടെണ്ടർ ക്ഷണിച്ച് നടപ്പിലാക്കുന്നതിനുപകരം മേൽപ്പറഞ്ഞ ഉത്തരവിനു വിരുദ്ധമായി സാധാരണ ടെണ്ടർ ക്ഷണിച്ചാണ് പദ്ധതി നടപ്പിലാക്കിയത്. രണ്ട് കരാറുകാർ മാത്രമാണ് ടെണ്ടറിൽ പങ്കെടുത്തത്.

സി) ടെണ്ടർ നടത്തുന്നതിനായി പത്രപ്പരസ്യം നൽകിയതിന്റെ രേഖകൾ ഫയലിൽ ഇല്ല.

ഡി) ടെണ്ടർ സ്വീകരിക്കുമ്പോൾ ആയത് സീൽ ചെയ്ത് വേണം സ്വീകരിക്കേണ്ടത്. ടെണ്ടർ തുറന്നതിനുശേഷം സീൽചെയ്ത കവറുകൾ ടെണ്ടറിനോടൊപ്പം ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഫയലിൽ രണ്ട് വ്യക്തികളുടെ പേരിൽ ടെണ്ടർ ഫോമുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ ടെണ്ടർ സമർപ്പിച്ച തീയതി, ടെണ്ടർ തുറന്ന തീയതി, തുറന്ന ഉദ്യോഗസ്ഥന്റെ വിവരം എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല.

ഇ) സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ ചർച്ച ചെയ്ത് പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തിനു വിധേയമായി ഭരണസമിതി അംഗീകാരം നൽകേണ്ടതെന്ന ജി.ഒ(പി)259/2010/തസ്വഭവ, 8.11.2010 ഉത്തരവിലെ നിർദ്ദേശം പാലിച്ചിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ ഈ പദ്ധതി സംബന്ധിച്ച് യാതൊരു ചർച്ചയോ തീരുമാനമോ ഉണ്ടായിട്ടില്ല. ഭരണസമിതിയുടെയും തീരുമാനം ലഭ്യമാക്കാതെ കുറഞ്ഞ ടെണ്ടർ നിർവഹണോദ്യോഗസ്ഥൻ ഏകപക്ഷീയമായി അംഗീകരിക്കുകയും പ്രഭാത ഭക്ഷണവിതരണത്തിന് നാരായണസ്വാമി, പല്ലാവൂർ എന്നയാളെ തെരഞ്ഞെടുക്കുകയും 2017

ഒക്ടോബർ മാസം മുതൽ പ്രഭാതഭക്ഷണം ടിയാളിൽനിന്ന് വാങ്ങുകയും ചെയ്തിരിക്കുന്നു.

ഡി) രണ്ടു സ്കൂളുകളുകളിലെയും ഒക്ടോബർ മാസം മുതലുള്ള എല്ലാ ക്ലാസുകളിലെയും അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് ഒക്ടോബർ മാസത്തിലും തുടർന്നുള്ള മാസങ്ങളിലെയും കുട്ടികളുടെ ആകെ സ്ട്രെങ്ത് താഴെപ്പറയും പ്രകാരമാണെന്ന് കണ്ടെത്തി.

കുമാരംപുത്തൂർ ജി എൽ പി എസ്-114

പല്ലാവൂർ ജി എൽ പി എസ് -293

ആകെ -407

എന്നാൽ ഒക്ടോബർ മാസം മുതൽ 410 കുട്ടികളുടെ അറ്റൻഡൻസ് കണക്കാക്കിയാണ് കരാറിലേർപ്പെട്ട വ്യക്തിക്ക് തുക അനുവദിച്ചിട്ടുള്ളത്. കുട്ടികളുടെ എണ്ണം തെറ്റായി കണക്കാക്കിയതുമൂലം കരാറുകാരന് അധികം തുക അനുവദിച്ചിരിക്കുന്നു. കൂടാതെ പ്രഭാതഭക്ഷണത്തിന്റെ അറ്റൻഡൻസ് കണക്കാക്കിയതിൽ ഒഴിവുദിനവും ഉൾപ്പെട്ടിരിക്കുന്നു.

| ബിൽ നം. | തുക | പ്രഭാത ഭക്ഷണം നൽകിയ ദിവസങ്ങൾ | തുക കണക്കാക്കി നൽകിയതിന്റെ വിവരം | 407 കുട്ടികളുടെ എണ്ണം പ്രകാരം നൽകാവുന്നത് | അധികം നൽകിയത് | റിമാർക്സ് |
|---|---|---|---|---|---|---|
| 1/31.10.17 | 68880 | 3.10.2017 മുതൽ 19.10.2017 വരെ 12 ദിവസങ്ങൾ | 14*410*12 =68880 | 407*14*12 =68376 | 504/- രൂപ | -- |
| 4/27.12.17 | 132020 | 20.10.2017 മുതൽ 20.11.2017 വരെ 23 ദിവസങ്ങൾ | 410*14*23 =132020 | 407*14*12 =131054 | 966 85*14= 1190 ആകെ = 2156 | അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം 21.10.2017 തീയതി ശനിയാഴ്ച പല്ലാവൂർ സ്കൂളിലെ പ്രീപ്രൈമറി കുട്ടികൾക്ക് അവധിദിനമാണ്. പ്രീപ്രൈമറി |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | കുട്ടികളുടെ എണ്ണം 85. |
| 6/11.1.18 | 137760 | 21.11.2017 മുതൽ 22.12.2018 വരെ 24 ദിവസങ്ങൾ | 410*14*24 =137760 | 407*14*23 =131054 | 6706 | 3.12.2017 തീയതി പ്രവർത്തി ദിനമായി കണക്കാക്കി കരാറുകാരന് തുക അനുവദി ച്ചിരിക്കുന്നു. എന്നാൽ സ്കൂൾ അറ്റൻഡൻസിൽ 3.12.2017 തീയതി ഞായറാഴ്ച അവധിദിനമാണ്. അറ്റൻഡൻസ് രേഖപ്പെടുത്തിയിട്ടില്ല |
| 7/28.2.18 | 125832 | 1.1.2018 മുതൽ 31.1.2018 വരെ 22 ദിവസം | 125832 | 407*14*22 =125356 | 476 | |
| 9/23.3.18 | 114366 | 1.2.2018 മുതൽ 28.2.2018 വരെ 20 ദിവസം | | 407*14*22 =113960 | 406 | |
| ആകെ | | | | | 10248 | |

അപാകതകൾ ചൂണ്ടിക്കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.16/22.1.2019)മുഖേന വിശദീകരണം ആവശ്യപ്പെട്ടതിന് സ്കൂളിൽ 407 കുട്ടികൾ മാത്രമാണുണ്ടായിരുന്നതെന്ന് നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രീപ്രൈമറി വിദ്യാർത്ഥികൾ 21.10.2017 തീയതിയിൽ പഠനയാത്ര പോയതാണെന്നും എല്ലാ കുട്ടികളും സ്കൂളിൽ വന്നതാണെന്നും അറിയിച്ചുവെങ്കിലും ആയത് സാധൂകരിക്കുന്നതിനാവശ്യമായ ചെലവുരേഖകളോ യാത്രയുടെ രേഖകളോ ലഭ്യമാക്കുകയുണ്ടായില്ല. കൂടാതെ 3.12.2017ാം തീയതി ഞായറാഴ്ച എസ് എസ് എ തീരുമാനപ്രകാരം ഗണിതവിജയം, ശാസ്ത്രകൗതുകം എന്നീ വിഷയങ്ങളിൽ ശിൽപശാല നടന്നു

എന്നാണ് മറുപടി ലഭ്യമാക്കിയത്. ഇത്തരത്തിൽ ഒഴിവുദിവസത്തിൽ ശിൽപശാല നടന്നത് സാധൂകരിക്കുന്നതിന് എസ് എസ് എ യിൽനിന്നോ വിദ്യാഭ്യാസവകുപ്പിൽനിന്നോ ഉള്ള യാതൊരു രേഖകളും ലഭ്യമാക്കുകയുണ്ടായില്ല. അവധി ദിനത്തിൽ സ്കൂളിലെ മുഴുവൻ വിദ്യർത്ഥികൾക്കുമായി ശിൽപശാല നടത്തി എന്ന മറുപടി അംഗീകരിക്കുന്നില്ല. കരാറുകാരന് അധികമായി നൽകിയ 10248/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-16 അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഹോണറേറിയം നൽകൽ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹിച്ചു

നിർവഹണം- ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ട് നം. 54/18 പ്രകാരം വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി വികസനഫണ്ടിൽ നിന്നും 963600/- രൂപ വകയിരുത്തി അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഹോണറേറിയം നൽകൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 924256/- രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചു. പതിമൂന്നാം പദ്ധതി മാർഗരേഖ (ജി.ഒ.(എം.എസ്) 72/2017/തസ്വഭവ തീയതി-29.3.2017) ഖണ്ഡിക 13.3 പ്രകാരം വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പദ്ധതികളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. ആയതിൽ വിവാഹ ധനസഹായം നൽകൽ, അങ്കണവാടി ജീവനക്കാർക്കുള്ള ഹോണറേറിയം നൽകൽ എന്നിവ വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തരുതെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുള്ളതാണ്. വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കിയത് മാർഗരേഖയുടെ ലംഘനമാണ്.

## 3-17 വൃദ്ധർക്ക് കട്ടിൽ വിതരണം നടപ്പിലാക്കിയതിലെ അപാകതകൾ

നിർവഹണം- ഐ.സി.ഡി.എസ്. സൂപ്പർവൈസർ

വൃദ്ധർക്ക് കട്ടിൽ(ജനറൽ), വൃദ്ധർക്ക് കട്ടിൽ (വനിത) എന്നിങ്ങനെ രണ്ടു പദ്ധതികൾ ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തി ആവിഷ്കരിച്ചിട്ടുണ്ട്. ജനറൽ പദ്ധതിയിൽ 478500/-

രൂപയും വനിതാപദ്ധതിയിൽ 495900/- രൂപയും വകയിരുത്തിയിട്ടുണ്ട്.

ഈ പദ്ധതികൾക്കായി യഥാക്രമം 456750, 204370 എന്നിങ്ങനെ ധനകാര്യകമ്മീഷൻ ഗ്രാന്റിൽനിന്നും ചെലവഴിച്ചിട്ടുണ്ട്. ടെണ്ടർ നടത്തി കുറഞ്ഞ ടെണ്ടർ അംഗീകരിച്ചാണ് വാങ്ങലുകൾ നടത്തിയത്. 4350/- രൂപ നിരക്കിലുള്ള കട്ടിലുകളാണ് വാങ്ങി വിതരണം നടത്തിയിരിക്കുന്നത്. ജനറൽ പദ്ധതിയിൽ 105 കട്ടിലും വനിത പദ്ധതി പ്രകാരം 47 കട്ടിലും വിതരണം ചെയ്തിട്ടുണ്ട്.

ബിൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം. | തുക |
|---|---|
| 23/28.3.2018(ജനറൽ) | 456750 |
| 22/28.3.2018(വനിത) | 204370 |

ഈ പദ്ധതികൾ നിർവഹിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി

1) പതിമൂന്നാം പദ്ധതി മാർഗരേഖ (ജി.ഒ.(എം.എസ്)നം.72/2017/തസ്വഭവ തീയതി-29.3.2017) ഖണ്ഡിക 13.8 പ്രകാരം അടിസ്ഥാനസേവന ഉപപദ്ധതികൾക്ക് മാത്രമാണ് ധനകാര്യകമ്മീഷൻ ഗ്രാന്റുകൾ വിനിയോഗിക്കാവുന്നത്. വ്യക്തിഗത ആനുകൂല്യം വിതരണം ചെയ്യുന്നതിന് ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചത് നടപ്പിലാക്കിയത് പദ്ധതി മാർഗരേഖയുടെ ലംഘനമാണ്.

2) വൃദ്ധർക്ക് കട്ടിൽ (ജനറൽ) പദ്ധതി പ്രകാരം അർഹതയില്ലാത്തയാൾക്ക് ആനുകൂല്യം നൽകി

ജനറൽ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയ തങ്ക, മാധവൻ, കളത്തിൽപ്പുര, കുറ്റിപ്പുള്ളി എന്നവരുടെ റേഷൻകാർഡ് പരിശോധിച്ചതിൽ (റേഷൻകാർഡ് നം. 1947048182/24.12.2008) ടിയാരിയുടെ ഭർത്താവ് പൊതുമേഖല സ്ഥാപനത്തിൽ ജോലിചെയ്യുന്ന ആളാണ്. കൂടാതെ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം വാർഷികവരുമാനം 240000/- രൂപയുമാണ്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗരേഖ പ്രകാരം ജനറൽ പദ്ധതി പ്രകാരം 100000/- രൂപ വരെ വാർഷിക വരുമാനപരിധിയുള്ളവർക്ക് മാത്രമാണ് സബ്സിഡി നൽകേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വരുമാന പരിധി പാലിക്കാതെ ആനുകൂല്യം നൽകിയതിന് വിശദീകരണം

ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/24.1.2019) നിർവഹണോദ്യോഗസ്ഥ സമയക്കുറവ് മൂലം പരിശോധന നടത്തുന്നതിൽ പിഴവ് സംഭവിച്ചതാണെന്ന് അറിയിച്ചു. അർഹതയില്ലാത്ത വ്യക്തിക്ക് ആനുകൂല്യം നൽകുന്നതിന് ചെലവഴിച്ച തുക 4350/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-18 സബ്സിഡി മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്ത പദ്ധതി നിർവ്വഹിച്ചത് ക്രമപ്രകാരമല്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഭവന നിർമ്മാണം സ്ഥലം വാങ്ങൽ - വനിത (എസ്.സി) എന്ന പദ്ധതിക്കായി 37,50,000/- രൂപ അടങ്കലായി വകയിരുത്തി നിർവ്വഹിച്ചിട്ടുണ്ട്.

അടങ്കലിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

| | |
|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 36,94,250/- |
| ധനകാര്യ കമ്മീഷൻ അവാർഡ് | 55,750/- |
| ആകെ | 37,50,000/- |

ചെലവിന്റെ വിശദാംശങ്ങൾ :

| ബിൽ നം./തീയ്യതി | ചെലവ് |
|---|---|
| 5/17-18/12/10/2017 | 3,00,000/- |
| 6/17-18/19/10/2017 | 1,50,000/- |
| 9/17-18/8/11/17 | 3,00,000/- |
| 10/17-18/10/11/2017 | 4,50,000/- |
| 11/17-18/18/11/17 | 3,00,000/- |
| 14/17-18/6/01/2018 | 6,00,000/- |
| 16/17-18/18/11/18 | 1,50,000/- |
| 19/17-18/9/01/2018 | 1,50,000/- |
| 26/17-18/16/02/2018 | 3,00,000/- |
| 29/17-18/9/03/2018 | 3,00,000/- |
| 32/17-18/16/03/2018 | 1,50,000/- |

| | |
|---|---|
| 36/17-18/26/03/2018 | 3,00,000/- |
| 37/17-18/28/03/2018 | 1,50,000/- |
| 38/17-18/29/03/2018 | 94,250/- |
| 39/17-18/29/03/2018 | 55,750/- |
| ആകെ | 37,50,000/- |

സ്ഥലം വാങ്ങൽ വനിത(New) എന്ന പദ്ധതി പ്രകാരം 1 സെന്റിന് 50,000/-രൂപ എന്ന നിരക്കിൽ 3 സെന്റിന് 1,50,000/- രൂപ പ്രകാരം 25 ഗുണഭോക്താക്കൾക്ക് ₹.37,50,000/-നൽകിയിട്ടുണ്ട്. 13-ാംപദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) നം. 80/2017/ത.സ്വ.ഭ.വ പ്രകാരം സ്ഥലം വാങ്ങലിന് സബ്സിഡി നിശ്ചയിച്ചിട്ടില്ല. മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത പദ്ധതി നടപ്പിലാക്കിയതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.23 തിയതി 24.01.2019ന് നിർവഹണ ഉദ്യോഗസ്ഥൻ "2015-16, 2016-17 വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതിയിലെ അവശേഷിക്കുന്ന വനിതാ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 29.9.2012ലെ ജി.ഒ.(എം.എസ്) നം.248/2012 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള സബ്സിഡി മാനദണ്ഡങ്ങളിൽ ഉൾടുത്തിയിട്ടുള്ള സബ്സിഡി ഇനങ്ങൾ പ്രകാരമാണ് ആനുകൂല്യം നല്കിയിട്ടുള്ളത്. കൂടാതെ 2018-19 വർഷത്തിലെ വികേന്ദ്രീകൃതാസൂത്രണ കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 5.3.18ലെ 3.5 നം. തീരുമാനം പ്രകാരം 2018-19 വാർഷിക പദ്ധതി രൂപീകരണവുമായി വസ്തു വാങ്ങുന്നതിന് ലൈഫ് മിഷൻ നിരക്ക് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ ഭൂമി വാങ്ങുന്നതിന് നൽകാവുന്ന തുക പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിലെ നിലവിലെ നിരക്കായിരിക്കണം എന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് "എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ മേൽ തീരുമാനം 2018-19 പദ്ധതി നടത്തിപ്പിനെ സംബന്ധിച്ചുള്ളതാണ്. 2017-18ലെ പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് മുൻവർഷങ്ങളിലെ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പിൻതുടരുന്നത് ക്രമപ്രകാരമല്ല. കൂടാതെ സബ്സിഡി മാർഗ്ഗരേഖ പൊതു നിബന്ധന 2.2-ൽ "ഈ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിനോ, ഓരോ ഇനത്തിനും പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്കോ , ഓരോ ഇനത്തിലും പറഞ്ഞിട്ടുള്ളതിൽ അധികരിച്ച നിരക്കിലോ തുകയിലോ സബ്സിഡി നൽകുന്നതിന്

സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്" എന്ന നിഷ്കർഷിക്കുന്നുണ്ട്. അതിനാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച തുകയ്ക്ക് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്. അതുവരെ ₹.37,50,000/-യുടെ ചെലവ് തടസ്സത്തിൽവയ്ക്കുന്നു.

## 3-19 അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റ് നിർവ്വഹിച്ചിട്ടില്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി SOO97/18 എന്ന പ്രൊജക്റ്റിന് പൊതു വിഭാഗത്തിൽ ഉൾപ്പെടുത്തി 2,00,000/- രൂപ ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നും അടങ്കലായി വകയിരുത്തി മിശ്ര വിവാഹിതരായ ഗുണഭോക്താക്കൾക്ക് വിവാഹ ധനസഹായം നൽകുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പ്രൊജക്റ്റ് നിർവ്വഹിച്ചിട്ടില്ല.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സിലെ രേഖപ്പെടുത്തലുകൾ

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 2/15/15/5/17ലെ തീരുമാന പ്രകാരം ശുപാർശ ചെയ്ത് ഈ പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ഭരണസമിതിയുടെ അംഗീകാരത്തിനായി 1/16/05/2017 ന് ശുപാർശ ചെയ്തതായി പ്രൊജക്റ്റിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട മിനുട്സ് പരിശോധനയിൽ നിന്നും അംഗീകാരം ലഭ്യമാക്കിയതായി രേഖപ്പെടുത്തലുകളില്ലായെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്.

എന്നാൽ 2017-18 ൽ മേൽ സൂചിത പദ്ധതി നിർവ്വഹിക്കപ്പെട്ടിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം.

പ്രൊജക്റ്റ് മാനദണ്ഡങ്ങൾ പാലിക്കുന്ന വിധത്തിലുള്ള അപേക്ഷകൾ ലഭ്യമാക്കാത്തതിനാലാണ് പ്രൊജക്റ്റ് നിർവ്വഹിക്കാതിരുന്നതെന്ന് വിശദീകരിച്ചിട്ടുണ്ട്.(24.01.2019 ലെ അന്വേഷണ നം.23)

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികൾ പ്രകാരം ഗ്രാമസഭ യോഗം ചേരുകയും, ഗുണഭോക്തൃ തെരഞ്ഞെടുപ്പും നടത്തണമെന്നത് നിർബന്ധ വ്യവസ്ഥയാണ്. പ്രസ്തുത വേളയിൽ തന്നെ ഗുണഭോക്തൃ പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതും, ഗുണഭോക്താക്കളിൽ നിന്നും

അപേക്ഷകൾ സമയബന്ധിതമായി ലഭ്യമാക്കേണ്ടതുമാണ്.

2)ഗുണഭോക്താക്കളുടെ അപേക്ഷകൾ ലഭ്യമാവാത്തതിനാൽ പ്രൊജക്റ്റ് നിർവ്വഹണത്തിന്റെ പ്രാരംഭ ഘട്ടത്തിൽ തന്നെ കരാർ ചമയ്ക്കുവാൻ കഴിയാത്ത സാഹചര്യം സംജാതമായതിനാലും, പ്രൊജക്റ്റ് ഉപേക്ഷിക്കപ്പെട്ടതിനാൽ 2018-19 ൽ കാറ്റഗറി 1 പ്രൊജക്റ്റായി (സ്പിൽ ഓവർ) ഉൾപ്പെടുത്തുവാൻ സാധ്യമാവുകയില്ല.

3)കാറ്റഗറി 2 പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ 2018-19 ലെ ബജറ്റ് വിഹിതത്തിൽ നിന്നും തുക കുറവാകുകയും ചെയ്യും. ആയതിനാൽ പദ്ധതി നിർവ്വഹണം പൂർത്തിയാവുന്നത് വരെ ഗ്രാമസഭയിലൂടെ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ പദ്ധതി നിർവ്വഹണത്തിൽ വ്യക്തമായ പങ്ക് വഹിക്കുന്നുണ്ടെന്നും, ഉദ്ദേശ ലക്ഷ്യങ്ങൾ പൂർണ്ണമായി കൈവരിക്കപ്പെടുന്നുണ്ടെന്നും വർക്കിംഗ് ഗ്രൂപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.

ഭാവിയിൽ പദ്ധതികൾ ഉപേക്ഷിക്കപ്പെടുവാനുള്ള മേൽ സാഹചര്യങ്ങൾ ഒഴിവാക്കുകയും, ഗുണഭോക്താക്കളുടെ അപേക്ഷകൾ ലഭ്യമാവാത്തതിനാൽ പ്രൊജക്റ്റ് നിർവ്വഹണത്തിന്റെ പ്രാരംഭ ഘട്ടത്തിൽ തന്നെ കരാർ ചമയ്ക്കുവാൻ കഴിയാത്ത സാഹചര്യം സംജാതമായതിനാലും, പ്രൊജക്റ്റ് ഉപേക്ഷിക്കപ്പെട്ടതിനാൽ 2018-19ൽ കാറ്റഗറി 1 പ്രൊജക്റ്റായി (സ്പിൽ ഓവർ) ഉൾപ്പെടുത്തുവാൻ സാധ്യമാവുകയില്ല. ഓഡിറ്റ് നിർദ്ദേശങ്ങൾ പ്രവർത്തികമാക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 87500 | ഉഴവു കൂലി (എസ്.സി.പി) | 87500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1662500 | ഉഴവുകൂലി-ജനറൽ | 0 | 1662500 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 157000 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് | 0 | 157000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 83333 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 83333 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 34500 | പെയിൻ & പാലിയേറ്റീവ് | 0 | 34500 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 125000 | ഉഴവു കൂലി (എസ്.സി.പി) | 125000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 2375000 | ഉഴവുകൂലി-ജനറൽ | 0 | 2375000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 100000 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് | 0 | 100000 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 22887 | ഗായത്രിപ്പുഴ നീർത്തടപദ്ധതി | 0 | 22887 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB, | സ്ട്രീറ്റ് മെയിൻ വലിക്കൽ | 892500 | 0 | 892500 |
| KSEB, | സ്ട്രീറ്റ് മെയിൻ വലിക്കൽ | 1043800 | 0 | 1043800 |
| ആകെ | | 1936300 | 0 | 1936300 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് ഗുണഭോക്തൃ സമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഒന്നുമില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹.4105 യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 3-5 | 3895 | സുരേഷ്കുമാർ.സി.,<br>കരാറുകാരൻ | 117150102351/ 13.12.2017 |
| 2016-17 | ഓഡിറ്റ് എൻക്വയറി | 210 | -ടി- | 117150100643/ 16.6.2017 |
| ആകെ | | 4105 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഖണ്ഡികകളൊന്നും ഉൾപ്പെട്ടിട്ടില്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾ | ഈടാ | | | |

| | | | സ്ഥാനം, ഭരണ വകുപ്പ് | | | തീയതി) | തുക (തീയതി) | പ്പെട്ട തുക | ക്കിയ തുക | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2002-03 | 11 | ശ്രീ.എം. രാജൻ (സെക്രട്ടറി) | LF.2124/ Spl.Cell/ SC.4/05 dated 27.04.06 | 2292 | | | | | | | അടവു വിവരം ലഭ്യമായില്ല. |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1999-00 | 34 | ശ്രീ. ആർ. ശിവരാമൻ സെക്രട്ടറി | LF. 4952/ SC.3/02 dated 22.01.03 | 4753 | | | | | | | അടവ് വിവരം ലഭ്യമല്ല |
| 2 | 2001-02 | 2, 10 | ശ്രീ.റ്റി.ചാമിക്കുട്ടൻ (സെക്രട്ടറി) | LF.2123 /Spl.Cell/ SC.4/04 dated 07.11.05 | 8239 | | | | | | | അടവ് വിവരം ലഭ്യമല്ല |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹.68588691.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹. 76713107.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ----- |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹.47874.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹.3750000.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-9 | | 29500 | എം.രമേഷ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | | 3776 (fine) | എം.രമേഷ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-15 | | 10248 | എ.ഹാറൂൺ,<br>പ്രധാന അധ്യാപകൻ |
| 3-17 | | 4350 | നിർമ്മല,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | | 47874 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-18 | 3750000 | സി.നാരായണൻകുട്ടി,<br>അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 3750000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ

വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം.രമേഷ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,തരൂർ | ചിറ്റടിക്കളം, കരിപ്പോട് പി.ഒ., പാലക്കാട് |
| എ.ഹാറൂൺ, പ്രധാന അധ്യാപകൻ | പ്രധാന അധ്യാപകൻ,<br>ജി.എൽ.പി.എസ്., പല്ലാവൂർ | നൂർ മൻസിൽ, തളൂർ, കുടല്ലൂർ പി.ഒ., പാലക്കാട് |
| നിർമ്മല,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ,<br>പല്ലശ്ശന ഗ്രാമപഞ്ചായത്ത് | പുത്തൻപുള്ളി, പനയൂർ, അത്തിക്കോട്, ചിറ്റൂർ, പാലക്കാട് |
| സി.നാരായണൻകുട്ടി,<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>പല്ലശ്ശന ഗ്രാമപഞ്ചായത്ത് | ചാണ്ടിച്ചാല വീട്, വിത്തനശ്ശേരി പി.ഒ., നെന്മാറ, പാലക്കാട് – 678 508 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും<br>പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1996-97 | LF-P6-168/98/10-4-1998 | 8 |
| 1997-98 | LF-9831/സ്പെ.സെൽ/ എസ്.സി3/01/ 19-7-2001 | 12 |
| 1998-99 | LF-P10-1158/01/ 16-11-2011 | 2 |
| 1999-00 | LF-4952/സ്പെ.സെൽ/ /എസ്.സി3/02/ 20-4-2002 | 3 |
| 2000-01 | LF-P10-535/02/3-8-2002 | 8 |
| 2001-02 | LF-2123/സ്പെ.സെൽ/ എസ്.സി4/ 05/15-2-2005 | 11 |
| 2002-03 | LF-2124/സ്പെ.സെൽ/എസ്.സി4 /05/15-2-2005 | 9 |
| 2003-04 | LF-P13-695/04/20-6-2005 | 2 |
| 2004-05 | LF-P12-194/06/30-5-2006 | 29 |
| 2005-06 | LF-P12-21/08/14-7-2008 | 29 |
| 2006-07 | LF-P12-22/08/26-6-2008 | 22 |
| 2007-08 | LF-P18-1205/10/ 12-12-2011 | 12 |
| 2008-09 | LF-P18-1206/10/12-12-2001 | 18 |
| 2009-10 & 2010-11 | LF-P18-1382/13 /17-7-2014 | 18 |
| 2011-12 | LF-P18-388/14/2-5-2014 | 20 |
| 2012-13 | LF-P18-459/15/13-4-15 | 28 |
| 2013-14 & 2014-15 | കെഎസ്എ -പികെഡി.18-1433/ 2016/9-8-2016 | 8 |
| 2015-16 | കെ.എസ്.എ.പി.കെ.ഡി.18-252/17/ 10-02-2017 | 20 |
| 2016-17 | നം.കെ.എസ്.എ-പികെഡി-18/1139 /2017/26-07 -2017 | 22 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1) വസ്തു നികുതി - വാർഷിക കണക്കിലും സഞ്ചയയിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

2) തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയ സംക്ഷിപ്തം വാർഷിക കണക്കുകളുമായി

പൊരുത്തപ്പെടുന്നില്ല.

3) ബിഫണ്ട്-വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

4) ജലനിധി, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

5) ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ ആസ്തികൾക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

6) 31.3.2018 ന് സർക്കാർ തിരിച്ചുപിടിച്ച തുക 4037500 രൂപ ബാലൻസ് ഷീറ്റിൽ നെഗറ്റീവ് ബാലൻസായി രേഖപ്പെടുത്തിയിട്ടില്ല. 15.3.2018 ന് മേൽ തുക കൃഷി ഓഫീസർക്ക് കൈമാറിയിട്ടുണ്ടെങ്കിലും ആയതിന്റെ ഇടപാട് സാംഖ്യയിൽ പ്രതിഫലിക്കുന്നില്ല.

7) Advance to others 460509901 എന്ന ഹെഡിന്റെ ലഡ്ജറും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം -2

## പത്രികകൾ

| Pallassana Grama Panchayat | | | |
|---|---|---|---|
| RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 18003649.00 |
| Cash | Cash | RP-40(a) | 41143.00 |
| | Operating | | |

| | | | |
|---|---|---|---|
| 110000000 | Tax Revenue | RP-1 | 537900.00 |
| 140000000 | Fees & User Charges | RP-4 | 218908.00 |
| 150000000 | Sale & Hire Charges | RP-5 | 179379.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 53411496.00 |
| 171000000 | Interest Earned | RP-9 | 171508.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 10657280.00 |
| 350000000 | Other Liabilities | RP-36 | 115332.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 52094.00 |
| 340000000 | Deposits Received | RP-34 | 122402.00 |
| 350000000 | Other Liabilities | RP-36 | 144717.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2494362.00 |
| 460000000 | Loans, Advances and Deposits | RP-47 | 483313.00 |
| | Grand total | | 86633483.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2858512.00 |
| 220000000 | Administrative Expenses | RP-12 | 633194.00 |
| 230000000 | Operations & Maintenance | RP-13 | 953061.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5507998.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 13147017.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2841447.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 95000.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 1804760.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 9484670.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 1000.00 |
| 280000000 | Prior Period item | RP-26 | 54490.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3084530.00 |
| 350000000 | Other Liabilities | RP-36 | 4596779.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 979.00 |
| 340000000 | Deposits Received | RP-34 | 209759.00 |
| 350000000 | Other Liabilities | RP-36 | 1839463.00 |
| 410000000 | Fixed Assets | RP-38 | 3602962.00 |
| 412000000 | Capital work in Progress | RP-40 | 9480423.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 15906148.00 |
| 460000000 | Loans, Advances and Deposits | RP-47 | 610915.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 9897818.00 |
| Cash | Cash | RP-40(b) | 22558.00 |
| | Grand Total | | 86633483.00 |

Pallassana Grama Panchayat INCOME & EXPENDITURE STATEMENT

| For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | 1-1 | 2121074.00 |
| 130000000 | Rental Income from Panchayat / Municipal Properties | 1-3 | 239402.00 |
| 140000000 | Fee & User Charges | 1-4(b) | 257258.00 |
| 150000000 | Sale & Hire Charges | 1-5(b) | 184929.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | 1-6 | 106156265.00 |
| 171000000 | Interest Earned | 1-8 | 171508.00 |
| 180000000 | Other Income | 1-9 | 52094.00 |
| | Total Income | | 109182530.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | 1-10(b) | 8969423.00 |
| 220000000 | Administrative Expenses | 1-11(b) | 633194.00 |
| 230000000 | Operations & Maintenance | 1-12(b) | 953061.00 |
| 240000000 | Interest & Finance Charges | 1-13 | 979.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | 1-14 | 8359660.00 |
| 251000000 | Decentralised Plan Programme-Service Sector | 1-14(a) | 32552820.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | 1-14(b) | 2841447.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | 1-14(c) | 95000.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | 1-14(d) | 44661460.00 |
| 255000000 | Maintenance Projects | 1-14(e) | 9484670.00 |
| 256000000 | Other Revenue Grants and | 1-15(a) | 1000.00 |

| | | | |
|---|---|---|---|
| | Funds - Revenue Expenses | | |
| | Total Expenditure | | 108552714.00 |
| | Gross Surplus/ Deficit of income over Expenditure | | 629816.00 |
| 280000000 | Prior Period Item | 1-18 | 533154.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 96662.00 |

| Pallassana Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 135028722.03 |
| 312000000 | Reserves | B-3 | 54919562.00 |
| | Total Reserve & Surplus | | 68422434.03 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 11179187.00 |
| | Total Grants, Contributions for Specific Purposes | | 11179187.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 524474.00 |
| 350000000 | Other Liabilities | B-9 | 1277175.00 |
| | Total Current Liabilities and Provisions | | 1801649.00 |
| | TOTAL LIABILITIES | | 81403270.43 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 35964768.00 |
| 412000000 | Capital Work in Progress | B-11(a) | 18943729.00 |
| | Total Fixed Assets | | 54908497.00 |
| | Investments | | |
| | Current Assets, Loans and Advances | | |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | b-15 | 16225511.00 |
| 440000000 | Pre-paid Expenses | b-16 | 0.0 |
| 450000000 | Cash and Bank Balance | b-17 | 9920376.00 |
| 460000000 | Loand, Advances and Deposits | b-18 | 348886.00 |
| | Total Current Assets, Loans and Advances | | 26494773.30 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 81403270.43 |

ഡെപ്യൂട്ടി ഡയറക്ടർ